27-10-2026

Question Hour

മി. സ്പീക്കർ: ഓർഡർ... ഓർഡർ.... ഇന്ന് ഒരു അടിയന്തര ചോദ്യമുള്ളതുകൊണ്ട് ചോദ്യോത്തര സമയം 9.55-ന് അവസാനിപ്പിക്കണം. ചോദ്യം നമ്പർ (*181)

സൈബർ സേഫ് കേരള 2026

1(*181) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടോണി ചമ്മണി:
ശ്രീ. വി. എസ്. ജോയി:
ശ്രീ. കെ. നീലകണ്ഠൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ സൈബർ സുരക്ഷ ലക്ഷ്യമിട്ട് വിഭാവനം ചെയ്യുന്ന സൈബർ സേഫ് കേരള 2026 പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

(ബി) സൈബർ ബുള്ളിയിങ്, വ്യാജവാർത്ത, ഗെയിമിങ് അഡിക്ഷൻ തുടങ്ങിയ അപകടങ്ങളെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും ബോധവൽക്കരണം നടത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) സുസ്ഥിരമായ ഡിജിറ്റൽ ഉത്തരവാദിത്വം വളർത്തിയെടുക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, (എ) കേരളത്തിൽ വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം, കുട്ടികൾക്കെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിനും പൊതുജനങ്ങളിൽ സൈബർ സുരക്ഷാ അവബോധം വളർത്തുന്നതിനുമായി കേരളാപോലീസ് ആവിഷ്കരിക്കുന്ന പദ്ധതിയാണ് 'സൈബർ സേഫ് കേരളം' .

സൈബർ സുരക്ഷാ അവബോധം ശക്തിപ്പെടുത്തുക, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾക്കെതിരായ മുൻകരുതലുകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുക, കുട്ടികളുടെ സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം പ്രോത്സാഹിപ്പിക്കുക, സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലും റിപ്പോർട്ട് ചെയ്യുന്നതിലും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ഇതിന്റെ

ഭാഗമായി പോലീസ്, അക്കാദമിക് സ്ഥാപനങ്ങൾ, വ്യവസായ മേഖല (Police-Academia-Industry Partnership) എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ സൈബർ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എഞ്ചിനീയറിങ് കോളേജുകൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഐ.ടി. വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സൈബർ സുരക്ഷാ പരിശീലനം, ഗവേഷണം, സാങ്കേതിക വിജ്ഞാന കൈമാറ്റം, സൈബർ ഭീഷണികൾ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള പരിശീലനം എന്നിവ നടപ്പാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ പോലീസ് ജില്ലകളിൽ സൈബർ റെസിലിയൻസ് സെന്ററുകൾ (Cyber Resilience Centers) സ്ഥാപിക്കുന്നതിനും വിദ്യാർഥികളുടെ സാങ്കേതിക വൈദഗ്ധ്യം സൈബർ സുരക്ഷാ മേഖലയിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള സംരംഭങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. ഈ ഏകോപിത പ്രവർത്തനങ്ങളിലൂടെ സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി

പ്രതിരോധിക്കുക, സാങ്കേതിക വിദ്യാധിഷ്ഠിത സൈബർ സുരക്ഷാ ശേഷി വർധിപ്പിക്കുക, പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും സുരക്ഷിതമായ ഡിജിറ്റൽ അന്തരീക്ഷം ഉറപ്പാക്കുക എന്നിവയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യങ്ങൾ.

(ബി) ഉണ്ട്. കേരളാപോലീസിന്റെ സൈബർ ഓപ്പറേഷൻസ് വിഭാഗം, സൈബർ ഡിവിഷൻ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ എന്നിവയുടെ നേതൃത്വത്തിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും പൊതുജനങ്ങളിൽ സൈബർ സുരക്ഷാ അവബോധം വളർത്തുന്നതിനുമായി വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി സ്കൂൾ-കോളേജ് വിദ്യാർഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്കായി സൈബർ ബുള്ളിയിങ്, വ്യാജ വാർത്തകളുടെ പ്രചാരണം, ഓൺലൈൻ തട്ടിപ്പുകൾ, ഗെയിമിങ്ങിന്റെ അമിത ഉപയോഗം, സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം, വ്യക്തിഗത വിവരങ്ങളുടെ സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പദ്ധതിയുമായി സഹകരിച്ച് സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ അധ്യാപകർക്ക് സൈബർ സുരക്ഷാ പരിശീലനം നൽകിവരുന്നു. കിഡ്ഗ്ലോവ് (KidGlove) പദ്ധതിയിലൂടെ കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്കിടയിൽ സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, കുട്ടികൾക്കെതിരായ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഓപ്പറേഷൻ പി-ഹണ്ട് ഉൾപ്പെടെയുള്ള പരിശോധനാ നടപടികൾ ശക്തമാക്കുകയും സാമൂഹിക മാധ്യമങ്ങളിൽ സൈബർ പട്രോളിങ് നടത്തുകയും ചെയ്യുന്നു. സൈബർ ആസ്ഥാനത്തെയും വിവിധ ജില്ലകളിലെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വിദ്യാർഥികൾക്കായി സ്കൂളുകളിലും കോളേജുകളിലും ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുക, സുരക്ഷിതവും ഉത്തരവാദിത്വപൂർണ്ണവുമായ ഡിജിറ്റൽ പെരുമാറ്റം പ്രോത്സാഹിപ്പിക്കുക, സ്ത്രീകളുടെയും കുട്ടികളുടെയും

സൈബർ സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് ഈ പ്രവർത്തനങ്ങളുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) സുസ്ഥിരമായ ഡിജിറ്റൽ ഉത്തരവാദിത്വം (Sustainable Digital Responsibility) വളർത്തിയെടുക്കുന്നതിനും സമൂഹം, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൈബർ സുരക്ഷാ അവബോധവും ഉത്തരവാദിത്വ പൂർണ്ണമായ ഡിജിറ്റൽ പെരുമാറ്റവും പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനൊപ്പം പുതിയ പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പോലീസ്-അക്കാദമിക് സ്ഥാപനങ്ങൾ-വ്യവസായ മേഖല (Police-Academia-Industry Partnership) എന്നിവയുടെ സഹകരണത്തോടെ സൈബർ റെസിലിയൻസ് സെന്ററുകൾ (Cyber Resilience Centers-CRC) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏകദേശം 150 എഞ്ചിനീയറിങ് കോളേജുകളെയും 1200 ഗ്രാമങ്ങളെയും തിരഞ്ഞെടുത്ത്, കോളേജ് വിദ്യാർഥികളുടെ പങ്കാളിത്തത്തോടെ ഗ്രാമതലത്തിൽ സൈബർ

സുരക്ഷാ ബോധവൽക്കരണം വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. മാറിവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ രീതികൾക്കനുസൃതമായി അവ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും സഹായകമായ ബോധവൽക്കരണ പരിപാടികളും പരിശീലന പ്രവർത്തനങ്ങളും ആവിഷ്കരിക്കേണ്ടതുണ്ട്.

കേരള പോലീസ് നടപ്പാക്കി വരുന്ന കിഡ്ഗ്ലോവ് (KidGlove), സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC), D-DAD തുടങ്ങിയ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിച്ച് വിദ്യാലയതലത്തിൽ സൈബർ സുരക്ഷാ ബോധവൽക്കരണം ശക്തിപ്പെടുത്തുന്നതിനും കുട്ടികളിൽ ഉത്തരവാദിത്വ പൂർണ്ണമായ ഡിജിറ്റൽ പെരുമാറ്റം വളർത്തിയെടുക്കുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ, ഓൺലൈൻ അപകട സാധ്യതകൾ തിരിച്ചറിയുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ സുരക്ഷിതമായി റിപ്പോർട്ട് ചെയ്യുന്നതിനും രക്ഷിതാക്കളുടെയും അധ്യാപകരുടെയും പങ്കാളിത്തത്തോടെ നൂതന ബോധവൽക്കരണ-പരിശീലന പദ്ധതികൾ ആവിഷ്കരിക്കുന്നതും പരിഗണിക്കാവുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, കേരളത്തിൽ വർധിച്ചുവരുന്ന സൈബർ തട്ടിപ്പുകൾ ഗുരുതരമായ ഒരു സാമൂഹിക പ്രശ്നമായി മാറിയിരിക്കുകയാണ്. ഉയർന്ന ഡിജിറ്റൽ സാക്ഷരതയും ഡിജിറ്റൽ ഇടപാടുകളുടെ വർധനവും ഇത്തരം ഡിജിറ്റൽ ഓൺലൈൻ തട്ടിപ്പുകാരുടെ ഒരു ലക്ഷ്യസ്ഥാനമായി ഈ കേരളത്തെ മാറ്റിയിരിക്കുകയാണ്. 2024-ൽ മാത്രം ഏകദേശം 41000 പരാതികളിൽ 768 കോടി രൂപയുടെ തട്ടിപ്പാണ് ഇവിടെ നടന്നിട്ടുള്ളത്. ഡിജിറ്റൽ അറസ്റ്റ്, ഓൺലൈൻ ട്രേഡിങ് & ജോബ് സ്കാം, ഫിഷിങ് & ലിങ്ക് തട്ടിപ്പുകൾ, ഗിഫ്റ്റ് സ്കാം, ഡാർക് വെബ്, കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, സർക്കാർ വെബ്സൈറ്റുകൾക്ക് നേരെയുള്ള ആക്രമണങ്ങൾ തുടങ്ങി നിരവധി സൈബർ ആക്രമണങ്ങൾ നമ്മുടെ സമൂഹത്തെ തകർക്കുന്ന തരത്തിലേക്ക് വന്നിരിക്കുന്നു. ഇത് തടയുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട കോവളം നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. എം. വിൻസെന്റ് ഇവിടെ ഉന്നയിച്ചത്. സൈബർ തട്ടിപ്പുകൾ

കേരളത്തിൽ മാത്രമല്ല, അന്താരാഷ്ട്രതലത്തിൽത്തന്നെ വളരെ ശക്തമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. സൈബർ കുറ്റകൃത്യങ്ങളുടെ വർധനവ്, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം, കുട്ടികൾക്കെതിരെയുള്ള ഓൺലൈൻ കുറ്റകൃത്യങ്ങൾ ഇതെല്ലാം വളരെ വ്യാപകമായി ദേശീയ-അന്തർദേശീയതലങ്ങളിൽ വർധിച്ചുവരുന്ന ഒരു കാലഘട്ടമാണ്. അതുകൊണ്ടാണ് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള പോലീസ് 'സൈബർ സേഫ് കേരള 2026' എന്ന പുതിയ പദ്ധതി ആരംഭിക്കുന്നത്. പൂർണ്ണമായ വിവരങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം സൈബർ ഇടങ്ങളിൽ നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയാനുള്ള ആദ്യത്തെ നടപടി ബോധവൽക്കരണമാണ്. ഡിജിറ്റൽ ഡിവൈഡ് കേരളത്തിൽ ഇപ്പോഴും നിലവിലുണ്ട്. കേരളം 100 ശതമാനം സാക്ഷരത കൈവരിച്ച സംസ്ഥാനമാണെങ്കിലും ഡിജിറ്റൽ സാക്ഷരതയുടെ കാര്യത്തിൽ ഇപ്പോഴും പൂർണ്ണത കൈവരിച്ചിട്ടില്ല. അതുകൊണ്ടാണ് പല ആളുകളും ഇതിന്റെ ഇരകളായി മാറുന്നതിന് കാരണം. ഇന്ന് ഇതിനെപ്പറ്റിയുള്ള

ശരിയായ അവബോധം ഇല്ലായ്മയും ഒരു പ്രശ്നമാണ്. അതുകൊണ്ട് പൊതുജനങ്ങളെ ബോധ്യപ്പെടുത്താനും പ്രത്യേകിച്ച്, കുട്ടികളുടെയിടയിൽ ഇതിന്റെ ബോധവൽക്കരണം ശക്തിപ്പെടുത്താനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. സൈബർ കുറ്റകൃത്യങ്ങളുടെ അടിസ്ഥാനത്തിൽ ധാരാളം ആളുകൾക്ക് പണം നഷ്ടപ്പെടുകയാണ്. കഴിഞ്ഞ ദിവസം മുൻ നിരണം ഭദ്രാസനാധിപനിൽനിന്നും പണം തട്ടിയതുമായി ബന്ധപ്പെട്ട വാർത്ത അങ്ങും ശ്രദ്ധിച്ചുകാണുമല്ലോ? വിദ്യാഭ്യാസമുള്ള ആളുകളെപ്പോലും ചതിക്കുഴികളിൽപ്പെടുത്തുന്ന സ്ഥിതി ഉണ്ടാവുകയാണ്. അതിനെതിരെ ശക്തമായ നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടപ്പാക്കിയ 'ളഫാൻ' പദ്ധതി കേരളീയ സമൂഹത്തിന്റെ മൊത്തം അംഗീകാരം നേടിയിട്ടുള്ള ഒരു പദ്ധതിയാണ്. പ്രസ്തുത പദ്ധതി ഇത്രയധികം ശക്തമായി മുന്നോട്ടുകൊണ്ടുപോകുന്ന ബഹുമാനപ്പെട്ട ആഭ്യന്തര

വകുപ്പുമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സൈബർ കുറ്റവാളികൾ ഓൺലൈൻ രംഗത്തുകൂടി മയക്കുമരുന്ന് വ്യാപനം നടത്തുകയാണ്. ഓൺലൈൻ മയക്കുമരുന്ന് വ്യാപാരം ഇപ്പോൾ നടക്കുന്നുണ്ടോ; അവ തടയുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. ഓൺലൈൻ തട്ടിപ്പുകൾ പല രീതിയിൽ നടക്കുന്നുണ്ട്. മയക്കുമരുന്ന് ഒരു പ്രധാനപ്പെട്ട കാര്യമാണ്. മയക്കുമരുന്നിന്റെ അന്തർദേശീയതലത്തിലുള്ള മാഫിയകൾ ഓൺലൈൻ ഉപയോഗിക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. കേരള പൊലീസിന്റെ സൈബർ ഓപ്പറേഷൻസ് വിഭാഗം, സൈബർ ഡിവിഷൻ, സൈബർ ക്രൈം പൊലീസ് സ്റ്റേഷനുകൾ എന്നിവയുടെ നേതൃത്വത്തിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും പൊതുജനങ്ങളിൽ സൈബർ സുരക്ഷാ അവബോധം വളർത്തുന്നതിനുമായി വിവിധ പരിപാടികൾ നടപ്പാക്കിവരികയാണ്. എന്നാൽ, ഈ പദ്ധതികൾ നടപ്പാക്കി വരുന്നതിനിടയിൽ, സൈബർ

കുറ്റവാളികളും മയക്കുമരുന്ന് വ്യാപാരികളും ഇത്തരം സംവിധാനങ്ങൾ തങ്ങളുടെ ആവശ്യങ്ങൾക്കായി ഫലപ്രദമായി ദുരുപയോഗം ചെയ്യുന്നുണ്ടെന്ന് പൊലീസ് കണ്ടെത്തിയിട്ടുണ്ട്. ഇത്തരക്കാരെ കണ്ടെത്താനും നിയമത്തിന് മുന്നിൽ കൊണ്ടുവരാനുമുള്ള കർശന നടപടികൾ പൊലീസ് ഇപ്പോൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ടോണി ചമ്മണി: സർ, നിർമ്മിതി ബുദ്ധി ഉപയോഗിച്ചുള്ള സാങ്കേതികവിദ്യകളുടെ സുരക്ഷിതവും പ്രയോജനപ്രദവുമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഡീപ്ഫെയ്ക് ചിത്രങ്ങളും വീഡിയോകളുംമൂലമുണ്ടാകുന്ന ദുരുപയോഗങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും. 'സൈബർ സേഫ് കേരള 2026' പദ്ധതിയുടെ പ്രധാനപ്പെട്ട ലക്ഷ്യം സ്കൂൾ-കോളേജ് വിദ്യാർഥികൾ, അധ്യാപകർ, രക്ഷകർത്താക്കൾ എന്നിവർക്കായി സൈബർ ബുള്ളിയിങ്, വ്യാജ വാർത്തകളുടെ പ്രചാരണം, ഓൺലൈൻ തട്ടിപ്പുകൾ, ഗെയിമിങിന്റെ അമിത ഉപയോഗം, സാമൂഹിക മാധ്യമങ്ങളുടെ ദുരുപയോഗം,

വ്യക്തിഗത വിവരങ്ങളുടെ സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ പ്രക്രിയ വ്യാപകമാക്കാനുള്ള നടപടിയാണ് സംഘടിപ്പിച്ചുവരുന്നത്.

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (SPC) പദ്ധതിയുമായി സഹകരിച്ചുകൊണ്ട് കേരളത്തിലെ വിവിധ സ്കൂളുകളിലെ അധ്യാപകർക്ക് സൈബർ സുരക്ഷാ പരീശീലനം നൽകി വരുന്നു. ഇതിന്റെ ഭാഗമായി, കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവർക്കിടയിൽ സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനായി ആരംഭിച്ച 'കിഡ്ഗ്ലോവ്' (KidGlove) എന്ന പുതിയ പദ്ധതിക്ക് ഇന്ന് സംസ്ഥാന വ്യാപകമായി തുടക്കമായി.

<u>ശ്രീ. വി. എസ്. ജോയി</u>: സർ, കൊള്ളപ്പലിശക്കാരെ തുരത്താൻ 'ഓപ്പറേഷൻ കുബേര'-യും മയക്കുമരുന്ന് മാഫിയയെ തുരത്താൻ 'ഓപ്പറേഷൻ ത്രിഫാനും" സ്ത്രീകൾക്കും അതിജീവിതകൾക്കും സംരക്ഷണം ഒരുക്കാൻ 'സ്പീക്ക് അപ് കേരള'-യും അഴിമതിക്കെതിരെ 'സീറോ ടോളറൻസ്' പദ്ധതിയും നടപ്പാക്കിയതുപോലെ ഏറ്റവും വലിയ വെല്ലുവിളി നേരിടുന്ന

സൈബർ മേഖലയിൽ ഇവിടെ സൂചിപ്പിച്ചതുപോലെ ഡിജിറ്റൽ അറസ്റ്റും സാമൂഹിക മാധ്യമങ്ങളിൽ മോർഫിങ് ഉൾപ്പെടെയുള്ള വിഷയങ്ങളുമുണ്ട്. നിർമ്മിതി ബുദ്ധി ഉപയോഗിച്ച് വ്യാജ വീഡിയോയും വ്യാജ രേഖകളും തയ്യാറാക്കുന്നത് വലിയ വെല്ലുവിളിയായി മാറുന്ന സാഹചര്യത്തിൽ നിർമ്മിതി ബുദ്ധി ഉപയോഗിച്ചുകൊണ്ടുവരുന്ന ഇത്തരത്തിലുള്ള വ്യാജമായ നിർമ്മിതികളെ നേരിടുന്നതിനുവേണ്ടി നിയമനിർമ്മാണം, ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കോമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) മുഖേന നടത്തുന്ന ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രവർത്തനങ്ങൾ കൂടി സർക്കാർ പരിശോധിക്കുന്നുണ്ട്. സുസ്ഥിരമായ ഡിജിറ്റൽ ഉത്തരവാദിത്വം (Sustainable Digital Responsibility) വളർത്തിയെടുക്കുന്നതിനും സമൂഹം, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൈബർ സുരക്ഷാ അവബോധവും ഉത്തരവാദിത്വ പൂർണ്ണമായ ഡിജിറ്റൽ പെരുമാറ്റവും പ്രോത്സാഹിപ്പിക്കുന്നതിന് ഈ

പദ്ധതിയിൽ പ്രാധാന്യം നൽകുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിലൂടെ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പല കുറ്റകൃത്യങ്ങളും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്. സൈബർ ഡിവിഷൻ അക്കാര്യത്തിൽ പ്രത്യേക താൽപര്യം സ്വീകരിക്കുന്നുണ്ട്. മാത്രമല്ല, ആരെയും എന്തും പറയാം; കുടുംബ കലഹങ്ങൾ ഉണ്ടാക്കാം; വ്യക്തികൾ തമ്മിലുള്ള വിരോധം വർധിപ്പിക്കാം; സാമൂഹിക ജീവിതത്തിൽ മതസ്പർധ വളർത്താം തുടങ്ങി ധാരാളം കുറ്റകൃത്യങ്ങൾ ഇന്ന് സൈബർ ഇടങ്ങളിൽ വർധിച്ചുവരുന്ന ഒരു കാലഘട്ടമാണ്. അതുകൊണ്ടാണ് സമൂഹത്തിന്റെ പുരോഗതിക്കും സമാധാനപരമായ സഹവർത്തിത്വത്തിനുംവേണ്ടി 'സൈബർ സേഫ് കേരള 2026' പദ്ധതി വളരെ വിപുലമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ. വിവിധതലങ്ങളിലുള്ള വിദഗ്ധരുമായി ചർച്ച ചെയ്തതിനുശേഷം വിപുലമായ ഒരു പദ്ധതിയാണ് ആവശ്യം. ഇന്നത്തെ കാലത്ത് ഏറ്റവും അനിവാര്യമാണെന്ന് കണ്ടുകൊണ്ടാണ് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പ് ഈ നടപടിയുമായി മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. നീലകണ്ഠൻ: സർ, സാമൂഹിക മാധ്യമങ്ങളുടെ ഉത്തരവാദിത്വപരമായ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും വ്യാജ വാർത്തകൾ തിരിച്ചറിഞ്ഞ് പൊതുജനങ്ങളിൽ ഡിജിറ്റൽ അവബോധം വളർത്തുന്നതിനും സർക്കാർ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കി വരുന്നത്; ഡിജിറ്റൽ ഉത്തരവാദിത്വം എന്ന വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ പ്രത്യേകമായി ഉൾപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഡിജിറ്റൽ അവബോധം വർധിപ്പിക്കാനാവശ്യമായ നടപടികളെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. അത് പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തേണ്ടതും ആവശ്യമുള്ള കാര്യമാണ്. നിർമ്മിതി ബുദ്ധി ഉൾപ്പെടെയുള്ള സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ അതിനെപ്പറ്റി ജനങ്ങളിൽ അവബോധം ഉണ്ടാക്കണം. അതോടൊപ്പം പൊലീസ്-അക്കാദമിയ-വ്യവസായ (Police-Academia-Industry Partnership) പങ്കാളിത്തത്തോടെ സൈബർ റെസിലിയൻസ് സെന്ററുകൾ (Cyber Resilience Centers-CRC) സ്ഥാപിക്കാനുള്ള

നടപടികൾ ആരംഭിക്കുന്നുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ 150 എഞ്ചിനീയറിങ് കോളേജുകളെയും 1200 ഗ്രാമങ്ങളെയും തിരഞ്ഞെടുത്ത് കോളേജ് വിദ്യാർഥികളുടെ പങ്കാളിത്തത്തോടെ ഗ്രാമതലങ്ങളിൽ സൈബർ ബോധവൽക്കരണം വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. മാറിവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ രീതിക്കനുസരിച്ച് അവ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. വി. സുമേഷ്: സർ, അങ്ങ് വളരെ പ്രസക്തമായ ഒരു കാര്യമാണ് ഇവിടെ സൂചിപ്പിച്ചത്. നമ്മൾ ഒരു ഡിജിറ്റൽ ലോകത്തിലേക്ക് പോകുകയാണ്. വിശേഷിച്ചും കുട്ടികളാണ് ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നത്. എന്നാൽ കുട്ടികൾ മൊബൈൽ ഫോണിൽ എന്താണ് ചെയ്യുന്നതെന്ന് നോക്കി മനസ്സിലാക്കി തിരുത്താൻ രക്ഷാകർത്താക്കൾക്ക് പലപ്പോഴും അവബോധം ഉണ്ടാകാറില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി വളരെ ശക്തമായ ഒരു സൈബർ ഇടപെടൽ നടത്തുന്നതിനും പാഠ്യപദ്ധതിയുടെ ഭാഗമായി കുട്ടികളെയും രക്ഷാകർത്താക്കളെയും ചേർത്തു നിർത്തി ഇക്കാര്യത്തിൽ റെസ്പോൺസിബിൾ യൂസ് ഓഫ് ഇന്റർനെറ്റ്

എന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ? വ്യാജപ്രചാരണങ്ങൾ പലപ്പോഴും വരുന്നത് വിദേശത്തുനിന്നുമുള്ള പ്രൊഫൈലുകൾ വഴിയാണ്. ആരെയും ആക്ഷേപിക്കാം; എത്ര മോശമായിട്ടും ഇൻസൾട്ട് ചെയ്യാം എന്നത് ഒരു പ്രധാന വിഷയമാണ്. ഇത്തരം പ്രൊഫൈലുകളുടെ ഉറവിടം കണ്ടെത്തുന്നതിനും ഇതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് ചോദിച്ചത് വളരെ പ്രസക്തമായൊരു ചോദ്യമാണ്. രക്ഷാകർത്താക്കൾക്ക് ഇതിനെപ്പറ്റിയൊന്നും വലിയ പരിചയം ഉണ്ടാകില്ല. എന്നാൽ ഇന്റർനെറ്റ്, ഇൻസ്റ്റഗ്രാം അതോടൊപ്പംതന്നെ മറ്റ് ഡിജിറ്റൽ ടൂൾസ് എല്ലാം ഉപയോഗിക്കുന്നത് കുട്ടികളാണ്. അവരിൽ ഇക്കാര്യത്തിൽ അവബോധമുളവാക്കേണ്ടത് അനിവാര്യമാണ്. ഇപ്പോൾ കുട്ടികളിലെ ഗെയിമിങ് വലിയൊരു പ്രശ്നമാണ്. കുട്ടികൾ ഗെയിം കളിക്കുന്നതിനോടൊപ്പംതന്നെ പല കുറ്റകൃത്യങ്ങളിലും ഏർപ്പെടുന്നത് രക്ഷാകർത്താക്കൾക്ക് മനസ്സിലാക്കാൻപോലും കഴിയുന്നില്ല. അപ്പോൾ

ഇക്കാര്യത്തിൽ ഒന്നാമതായി വേണ്ടത് ബോധവൽക്കരണമാണ്. മറ്റൊന്നാണ് നിയമം. സൈബർ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർധിപ്പിക്കുന്നതിനോടൊപ്പം സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുകയും ജാഗ്രതയോടുകൂടി അത് നടപ്പാക്കാൻ ശ്രമിക്കുകയുമാണ് വേണ്ടത്. രണ്ടാമതായി അദ്ദേഹം പറഞ്ഞത് സാമൂഹ്യ മാധ്യമങ്ങളിലൂടെ ആളുകളെ ആക്ഷേപിക്കുന്ന കാര്യത്തെ സംബന്ധിച്ചാണ്. സാമൂഹ്യ മാധ്യമങ്ങളിലൂടെ വളരെ വ്യാപകമായി ആക്ഷേപിക്കുന്നതിനോടൊപ്പം ആർക്കും ആരെയും എന്തും പറയാനും വ്യക്തിപരമായ ആക്ഷേപങ്ങൾ ഉയർത്താനുമുള്ള സാഹചര്യമുണ്ട്. ഇതൊക്കെ ഇന്നത്തെ ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ്. പൊലീസ് സൈബർ ഡിവിഷൻ ഇക്കാര്യത്തിൽ ജാഗ്രതയോടെ കേസെടുക്കുകയും നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നുണ്ട്. വ്യക്തിസ്വാതന്ത്ര്യം എന്നൊരു പ്രശ്നമുള്ളതിനാൽ ഇതിൽ ചില പരിമിതികളുണ്ട്. കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന ചില അമെന്റ്മെന്റുകൾമൂലം സുപ്രീംകോടതിതന്നെ ഇക്കാര്യം നള്ളിഫൈ ചെയ്തത് നാം കാണേണ്ട കാര്യമാണ്. പൊലീസ് ആക്ട് അനുസരിച്ചുള്ള

നടപടികളാണ് ഇപ്പോൾ കൈക്കൊണ്ടുവരുന്നത്. ഏതായാലും വ്യക്തി അധിക്ഷേപങ്ങളും ആളുകളെ അപമാനിക്കുകയും ചെയ്യുന്ന നടപടികൾ അത് വിദേശത്തുനിന്നാണെങ്കിലും സ്വദേശത്തുനിന്നാണെങ്കിലും നിയന്ത്രിക്കും; അതിന്മേൽ ശക്തമായ നടപടികൾ ഉണ്ടാകും.

ശ്രീ. നജീബ് കാന്തപുരം: സർ, യു.ഡി.എഫ്. അധികാരത്തിൽവന്നതിനുശേഷം നമ്മുടെ നാട്ടിലെ കുട്ടികളുടെയും യുവാക്കളുടെയും സ്ത്രീകളുടെയുമെല്ലാം ജീവിതത്തിൽ വളരെ ശക്തമായ ഒരു സുരക്ഷാ കവചം ഒരുങ്ങിയതായ ഒരു ഫീലിങ് ഉണ്ടാക്കാൻ അങ്ങേയ്ക്ക് സാധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഡാറ്റ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട ഗുരുതരമായ ഒരു വിഷയമാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. സൈബർ ക്രൈമിന് ഏറ്റവും കൂടുതൽ ഇടയാക്കുന്ന കാര്യങ്ങളിലൊന്ന് നമ്മുടെ ഡാറ്റ പ്രൊട്ടക്ടഡ് ആകാതെ പോകുന്നുവെന്നുള്ളതാണ്. നമ്മുടെ നാട്ടിൽ ഡി.പി.ഡി.പി. നിയമം (ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ ആക്ട്), 2023

നിലവിലുണ്ടെങ്കിൽപോലും അതിന് ധാരാളം പരിമിതികൾ ഉള്ളതുകൊണ്ട് വലിയ കമ്പനികളിലും ഗവൺമെന്റിന്റെ സംവിധാനങ്ങളിൽപോലും പ്രൊട്ടക്ടഡ് ഡാറ്റ ഇല്ലാത്ത ഒരു സാഹചര്യമുണ്ട്. നിയമത്തിനപ്പുറത്തേക്ക് വളരെ ശക്തമായ നടപടിയിലേക്ക് പോകാൻ കഴിയാത്ത പരിമിതികളുമുണ്ട്. ഈ ഒരു ഘട്ടത്തിൽ നമ്മുടെ ഗവൺമെന്റ് സംവിധാനങ്ങൾക്കും കോർപ്പറേറ്റുകൾക്കും കൂടാതെ കുട്ടികളുടെയും സ്ത്രീകളുടെയും മുതിർന്നവരുടെയുമെല്ലാം ഡാറ്റ പൂർണ്ണമായും പ്രൊട്ടക്ടഡ് ആക്കാനുള്ള ഒരു നിയമനിർമ്മാണത്തെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇത് കേന്ദ്ര സബ്ജക്ട് ആണ്. നമുക്കറിയാം, Data protection is very important as far as India is concerned. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കേസായിരുന്നു പുട്ടസ്വാമി കേസ്. ഒരു വ്യക്തിയുടെ ഡാറ്റ അയാളുടെ പ്രൈവസിയുമായി ബന്ധപ്പെട്ടതാണ്; അത് അയാളുടെ അനുവാദമില്ലാതെ മറ്റൊരാൾക്ക് കൈമാറാൻ പാടില്ല എന്നതായിരുന്നു പുട്ടസ്വാമി കേസിലെ സുപ്രധാനമായ സുപ്രീം കോടതി വിധി. ആ വിധിയുടെ അടിസ്ഥാനത്തിലാണ് ഡാറ്റ

പ്രൊട്ടക്ഷനുവേണ്ടിയുള്ള നിയമനിർമ്മാണം പാർലമെന്റിൽ നടത്തിയത്. അതിനകത്ത് ചില ലൂപ് ഹോൾസ് ഉണ്ടെന്ന് ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ. ഇവിടെ പറഞ്ഞത് ശരിയാണ്. അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും. അത് പാർലമെന്റിൽ ഉന്നയിക്കേണ്ട ഒരു കാര്യമാണ്. ആധുനിക കാലഘട്ടത്തിൽ data is the most important product. വിശദമായ ഒരു സബ്ജക്ട് ആയതിനാൽ ഞാൻ അതിലേക്ക് കടക്കുന്നില്ല. ഡാറ്റ പ്രൊട്ടക്ഷൻ ഇന്നത്തെ കാലത്ത് ഏറ്റവും ആവശ്യമായ ഒരു കാര്യമാണ്. വ്യക്തിയുടെ സ്വാതന്ത്ര്യമില്ലാതെ ഡാറ്റ ആർക്കും കൊടുക്കാൻ പാടില്ലാത്തതാണ്. ഏതായാലും അനുവദനീയമായ തലത്തിൽ നിന്നുകൊണ്ട് ഡാറ്റ പ്രൊട്ടക്ഷനുവേണ്ടിയുള്ള എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യും എന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് അങ്ങയിലൂടെ ഞാൻ ഉറപ്പ് നൽകുന്നു.

<u>ശ്രീ. വി. മുരളീധരൻ</u>: കുട്ടികളുടെ സുരക്ഷ ലക്ഷ്യമാക്കിയുള്ള 'സൈബർ സേഫ് കേരള' പദ്ധതിയെക്കുറിച്ചാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. ചാറ്റ് ബോട്ടുകളും ഡീപ് ഫേക്ക് പോലുള്ള ആധുനിക സാങ്കേതിക വിദ്യകളും കുട്ടികൾക്കിടയിൽ ദുരുപയോഗം ചെയ്യപ്പെടുന്നത് വലിയ തോതിലുള്ള

മാനസിക ബുദ്ധിമുട്ടുകൾക്കും സൈബർ അതിക്രമങ്ങൾക്കും കാരണമാകുന്നുവെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് രണ്ട് നിയമങ്ങൾ നടപ്പാക്കിയിട്ടുണ്ട്. അതിൽ ഒന്ന്, 2012-ലെ പോക്സോ ആക്ട് ആണ്. ഈ നിയമം പ്രത്യേകിച്ചും ഇതുപോലെയുള്ള കേസുകളുൾപ്പെടെ കൈകാര്യം ചെയ്യാൻ ഉതകുന്നതാണ്. മറ്റൊന്ന്, നേരത്തെ ശ്രീ. നജീബ് കാന്തപുരം എം.എൽ.എ. സൂചിപ്പിച്ച ഡിജിറ്റൽ പേഴ്സണൽ ഡാറ്റ പ്രൊട്ടക്ഷൻ ആക്ട് ആണ്. കുട്ടികളുടെ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടെ കൈമാറുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ഒരു ആക്ടാണത്. ഇതിൽ നിയമങ്ങളുടെ പ്രായോഗിക ഫലപ്രാപ്തി ഉറപ്പാക്കാൻവേണ്ടി നിയമനിർവഹണ ഏജൻസികളുടെ ശേഷി വർധിപ്പിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, നമ്മുടെ സംസ്ഥാനത്തും രാജ്യത്തും എന്നല്ല, ലോകത്തെമ്പാടും വലിയൊരു ചോദ്യചിഹ്നമായി ഈ വിഷയം മാറിയിരിക്കുകയാണ്. ഇന്ന് കേരളത്തിൽ ധാരാളം കുട്ടികൾ കൊറിയൻ

സിനിമകൾ കാണുന്നുണ്ട്. ഞാൻ ഏതെങ്കിലും ഒരു രാജ്യത്തെ കുറ്റപ്പെടുത്തുകയല്ല, പല സിനിമകളും കുട്ടികളുടെ അക്രമവാസന പ്രോത്സാഹിപ്പിക്കുന്ന എന്ന തരത്തിലുള്ള പരാതികൾ ജനങ്ങളിൽനിന്നുതന്നെ ഉയർന്നുവരുന്നുണ്ട്. ഇപ്പോൾ പല രാജ്യങ്ങളിലുമുള്ള ക്രൈം സിനിമകൾ എളുപ്പത്തിൽ കാണാനുള്ള അവസരമുണ്ട്. അങ്ങനെ വരുമ്പോൾ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. മുരളീധരൻ ചൂണ്ടിക്കാണിച്ചതുപോലെ ഇത് കുട്ടികളിൽ കുറ്റകൃത്യവാസന വർധിപ്പിക്കാൻ ഇടയാക്കുന്നു. മറ്റൊരു പ്രധാന പ്രശ്നം ഓൺ ലൈൻ ഗെയിമിങ്ങിന്റെ സ്വാധീനമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഓൺലൈൻ ദൃശ്യങ്ങൾ കണ്ടുപഠിച്ച് പതിമൂന്ന് വയസ്സുള്ള ഒരു കുട്ടി സ്വന്തം മുത്തച്ഛനെ കൊലപ്പെടുത്തിയ ദാരുണമായ ഒരു സംഭവമുണ്ടായി. ആ കുട്ടിക്ക് അതിൽ യാതൊരു പശ്ചാത്താപവുമില്ലായിരുന്നു. കുട്ടികളിൽ അക്രമവാസന വർധിക്കുന്നതും ഓൺലൈൻ ഗെയിമിങ്ങ്മൂലം ആത്മഹത്യകൾ ഉണ്ടാകുന്നതും ഉൾപ്പെടെയുള്ള നിരവധിയായ സംഭവങ്ങളാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. അത് തടയാൻവേണ്ടിയാണ് സർക്കാർ 'സൈബർ

സേഫ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഇത്തരം വിഷയങ്ങളിൽ നിയമപാലകരായ പോലീസിന് വലിയ ഉത്തരവാദിത്വമുണ്ട്. ഈ പദ്ധതി വിപുലമായ രീതിയിൽ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. അൻവർ സാദത്ത്</u> : സർ, 'ഓപ്പറേഷൻ ഇഫാൻ' , 'ഓപ്പറേഷൻ കുബേര' തുടങ്ങിയ പദ്ധതികളുടെ വിജയത്തിലൂടെ പൊതുജനങ്ങൾക്ക് അങ്ങിൽ വലിയ വിശ്വാസമുണ്ട്. എന്നാൽ, ഓൺലൈൻ തട്ടിപ്പുകളും സൈബർ ഇടങ്ങളിലൂടെയുള്ള ഭീഷണികളും ഇന്ന് നമ്മുടെ നാട്ടിൽ പതിവായിരിക്കുകയാണ്. ഇതുസംബന്ധിച്ച് വ്യക്തിപരമായി എനിക്ക് രണ്ട് ദുരനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരിക്കൽ എന്റെ വീട്ടിലേക്ക് ഫോൺ വിളിച്ച്, മകൾ അറസ്റ്റിലായേക്കുമെന്ന് പറഞ്ഞ് ഭാര്യയെ ഭീഷണിപ്പെടുത്തുന്ന ഒരു സാഹചര്യമുണ്ടായി. തുടർന്ന് ഞങ്ങൾ ഇക്കാര്യത്തിൽ പരാതി നൽകിയെങ്കിലും, അത് എത്രയും വേഗം ക്ലോസ് ചെയ്യാനാണ് പൊലീസ് തിടുക്കം കൂട്ടിയത്. പല പരാതികളും ലഭിക്കുമ്പോൾ, 'നടപടിയെടുക്കാൻ സാധിക്കില്ല' എന്നുപറഞ്ഞ് പരാതിക്കാരെ നിരുത്സാഹപ്പെടുത്തുന്ന ഒരു

പ്രവണത പൊലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകാറുണ്ട്. മറ്റൊന്ന്, സൈബർ ഇടങ്ങളിലൂടെയുള്ള ഭീഷണിയാണ്. കഴിഞ്ഞ ദിവസം ഫേസ് ബുക്ക് പോസ്റ്റിലൂടെ എന്നെ വളരെ മോശമായി അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയുമൊക്കെ ചെയ്യുകയുണ്ടായി. ഇതിന് പിന്നിൽ പ്രവർത്തിച്ചവരെ പൊലീസ് അറസ്റ്റ് ചെയ്തെങ്കിലും ജാമ്യത്തിലിറങ്ങാൻ കഴിയുന്ന കുറ്റമാണെന്ന് പറഞ്ഞ് അവരെ ഉടൻതന്നെ വിട്ടയയ്ക്കുകയാണുണ്ടായത്. ഇത്തരം നടപടികൾ കുറ്റവാളികൾക്ക് വീണ്ടും ഇത്തരം തെറ്റുകൾ ആവർത്തിക്കാനുള്ള പ്രോത്സാഹനമാണ് നൽകുന്നത്. അതുകൊണ്ടുതന്നെ, ഇത്തരം കാര്യങ്ങളിൽ നിയമം കൂടുതൽ കർശനമാക്കേണ്ടതുണ്ട്. സൈബർ ലോകം ഇന്ന് നമ്മുടെ ജീവിതത്തിൽ യാഥാർഥ്യമായിരിക്കുകയാണ്; അതിന്റെ മറവിൽ 'എന്തും ചെയ്യാം', 'എന്തും പറയാം' എന്നൊരു സ്വാതന്ത്ര്യം അവിടെ നിലനിൽക്കുന്നുണ്ട്. അതിനാൽ കേന്ദ്ര ഗവൺമെന്റിന്റെ മേൽ സമ്മർദം ചെലുത്തി പുതിയ നിയമങ്ങൾ കൊണ്ടുവരാനും, ഇത്തരം പ്രവണതകളെ ജാമ്യമില്ലാ കുറ്റങ്ങളാക്കി കർശനമായി നിയന്ത്രിക്കാനും സർക്കാർ മുൻകൈയെടുക്കുമോ?

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. അൻവർ സാദത്തിനെ ഭീഷണിപ്പെടുത്തിയ ആളിനെ അറസ്റ്റ് ചെയ്യുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രസ്തുത വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ നടപടി സ്വീകരിക്കുകയുണ്ടായി. ഇതൊരു വ്യക്തിയുടെയോ എം.എൽ.എ.-യുടെയോ മാത്രം കാര്യമല്ല. സമൂഹത്തിൽ ഇത്തരം ധാരാളം സംഭവങ്ങളുണ്ട്. കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയെ കൊല്ലുമെന്ന് പറഞ്ഞുകൊണ്ട് ഒരാൾ ഭീഷണി മുഴക്കി.

മി. സ്പീക്കർ: ഭീഷണി മുഴക്കിയ ആളെ കിട്ടിയോ?

ശ്രീ. രമേശ് ചെന്നിത്തല: ആളെ കിട്ടി. ആൾ ഇറാറ്റിക് ആണ്. അയാളുടെ പേരിൽ നടപടി സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. ഇത് വ്യാപകമായ തോതിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവമാണ്. ഇതിനകത്ത് ഒരു കാര്യമുണ്ട്, ശ്രീ. വി. മുരളീധരൻ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട കാര്യം. ഇത് നിയമം ഇല്ലാത്തതുകൊണ്ടല്ല, ആധുനികവൽക്കരിക്കുന്ന തരത്തിൽ ലോ

എൻഫോഴ്സ്മെന്റ് ഏജൻസിയെ മാറ്റിയെടുക്കണം. അതാണ് ഇപ്പോൾ നമ്മൾ ശ്രമിക്കുന്നത്. എഫ്.ഐ.ആർ. ആരും പോയി ചോദിക്കേണ്ട കാര്യമില്ല. വെബ്സൈറ്റിൽ കിട്ടുന്ന നിലയിലേയ്ക്ക് പുതിയ പദ്ധതി നടപ്പാക്കുകയാണ്. അതാണ് മൈ പൊലീസ് സ്റ്റേഷൻ.

പൊലീസ് സ്റ്റേഷനുകൾ കൂടുതൽ നവീകരിക്കുക, പൊലീസ് സ്റ്റേഷനുകളെ കൂടുതൽ ഡിജിറ്റൽ സൗഹൃദമാക്കുക, ജനങ്ങൾക്ക് പൊലീസ് സ്റ്റേഷനിൽ പോകേണ്ട ആവശ്യമില്ലാതെ എല്ലാ സംവിധാനങ്ങളും നെറ്റിലൂടെയും ഡിജിറ്റൽ ടൂളുകളിലൂടെയും ലഭിക്കത്തക്കവിധത്തിൽ ആധുനികവൽക്കരിക്കുക തുടങ്ങിയ നടപടികളാണ് സ്വീകരിക്കുന്നത്. കൂടുതൽ വിപുലമായ നിലയിൽ സൈബർ സേഫ് കേരള പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അങ്ങ് ഇവിടെ പറഞ്ഞ പ്രധാനപ്പെട്ട മറുപടികളെല്ലാം കുറ്റവാളികളെയും തെറ്റായ പ്രവണതകളെയും അവസാനിപ്പിക്കാൻ വേണ്ടിയുള്ള നിലപാടുകളാണ്. പക്ഷെ, പൊലീസാണ് ഇതിനകത്ത് ആക്ട് ചെയ്യേണ്ടത്. കേരളത്തിലാകുമ്പോൾ കേരളത്തിലെ

പൊലീസാണ് അത് ചെയ്യേണ്ടത്. വലിയ തോതിൽ പുറത്തുവരാത്ത തരത്തിലുള്ള കാര്യങ്ങളുൾപ്പെടെയുണ്ട്. ബ്ലാക്ക്മെയിലിങ്ങിന് പണ്ട് ഉപയോഗിച്ചിരുന്ന പല മാർഗങ്ങളും ഇത്തരം മേഖലകൾ വഴിയാണ്; വാർത്തകളും കള്ള വാർത്തകളും ഉൾപ്പെടെ. ഇത് പലപ്പോഴും, നിലവിൽ പൊലീസിന്റെ മുന്നിലുള്ള കേസുകളേക്കാൾ കൂടുതൽ കേസുകൾ വരുന്നുണ്ട്. കേസുകൾ പൊലീസിന്റെ അടുത്തേയ്ക്ക് ചെന്നാൽ, പൊലീസ് രജിസ്റ്റർ ചെയ്യുന്നതിനോ അന്വേഷിക്കുന്നതിനോ വേണ്ടത്ര ഗൗരവം കാണിക്കുന്നില്ലെന്ന പ്രശ്നമുണ്ട്. ഇത്തരം കേസുകൾ വരുമ്പോൾ പൊലീസ് എങ്ങനെ നിലപാടുകളെടുക്കും? കർശനമായ നിലപാടും നടപടിയും സ്വീകരിക്കാനും കേസെടുക്കാനും നിർദേശം നൽകുകയോ അതിനുവേണ്ടി പ്രത്യേകമായൊരു സമീപനം സ്വീകരിക്കുകയോ ചെയ്യണം. അല്ലെങ്കിൽ ഇത് നിയന്ത്രിക്കാൻ സാധിക്കില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും പറഞ്ഞത് ശരിയാണ്. കാരണം, പൊലീസ് ഏജ് ഓൾഡായിട്ടുള്ള സിസ്റ്റത്തിൽ വർക്ക് ചെയ്യുന്ന സംവിധാനമാണ്. പുതിയ യുഗത്തിൽ ഡിജിറ്റൽ സൗഹൃദമായി

പൊലീസിനെ മാറ്റണം. അതിനുള്ള ടെയിനിങ് നൽകിക്കൊണ്ടിരിക്കുകയാണ്.

എല്ലാ പൊലീസ് സ്റ്റേഷനുകളിലും എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച്, ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്ന് ഓരോ ദിവസവും എത്ര എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തതിട്ടുണ്ടെന്ന് കണ്ടെത്താൻ സാധിക്കുന്ന ഡാഷ്ബോർഡ് ഉൾപ്പെടെയുള്ള സംവിധാനം നവംബർ ആദ്യവാരം തന്നെ ആരംഭിക്കാൻ പോകുകയാണ്.

അതുപോലെ, കിട്ടുന്ന എല്ലാ പരാതികളിലും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നത് നവംബർ ആദ്യവാരം മുതൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഓഫീസിൽത്തന്നെ നിരീക്ഷിക്കാൻ സാധിക്കും. HM ആക്ട് അനുസരിച്ച് കൈക്കൊള്ളുന്ന നടപടികൾ ജനങ്ങൾക്ക് സുതാര്യമായി അറിയുന്നതിനായി ഒരു ഏകീകൃത ഡാഷ്ബോർഡ് സംവിധാനം ആവിഷ്കരിക്കുകയാണ്.

ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി കൂടിയാണ് അദ്ദേഹം. പല സാമ്പത്തിക പരാധീനതകളുമാണ് ഇത്തരം പ്രശ്നങ്ങളിലേക്ക് നമ്മെ എത്തിക്കുന്നത്. ഏതായാലും, കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ഉണ്ട്.

മോഡണൈസേഷൻ ഫണ്ടും കൂടി ഉപയോഗിച്ച് പൊലീസിനെ കൂടുതൽ ഡിജിറ്റൽ സൗഹൃദമാക്കുന്നതിനുള്ള ടെയിനിങ്ങുകളും എക്യുപ്മെന്റ്സും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാനാണ് ശ്രമിക്കുന്നത്.

മി.സ്പീക്കർ: ആദ്യത്തെ ചോദ്യത്തിൽ തന്നെ 22 മിനിറ്റ് ഉപയോഗിച്ചു. ഇനി ബാക്കിയുള്ള ചോദ്യങ്ങൾകൂടി അവതരിപ്പിക്കാനുണ്ട്. പ്രധാനപ്പെട്ട അംഗങ്ങൾ ഉപചോദ്യം ചോദിച്ചിട്ടുണ്ട്. പക്ഷെ അടുത്ത ചോദ്യത്തിലേയ്ക്ക് പോകാതിരിക്കാൻ കഴിയില്ല.

ഐ.ടി. മേഖലയുമായി മറ്റ് സാങ്കേതിക സ്ഥാപനങ്ങളുടെ ഏകോപനം

2 (*182) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. നവാസ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. എം. എ. സമീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ- വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. മേഖലയുമായി മറ്റ് സാങ്കേതിക സ്ഥാപനങ്ങളെ ഏകോപിപ്പിക്കുവാൻ ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുവഴി വിപുലമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നുണ്ടോ;

(സി) സർക്കാർ ഐ.ടി. പാർക്കുകൾക്ക് നൽകുന്ന അതേ സൗകര്യം അർഹരായ സ്വകാര്യ സ്ഥാപനങ്ങൾക്കും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഡിജിറ്റൽ എഞ്ചിനീയറിങ്, സൈബർ സുരക്ഷ തുടങ്ങിയ അത്യാധുനിക മേഖലകളിലേക്ക് കേരളത്തിന്റെ സാങ്കേതിക ആവാസവ്യവസ്ഥയെ നയിക്കാൻ കഴിയുമോ; വിശദമാക്കാമോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) ഉണ്ട്. ഐ.ടി.-യെ ഒരു സ്വതന്ത്ര മേഖലയായി മാത്രം കാണുന്ന പരമ്പരാഗത സമീപനത്തിന് അതീതമായി, സംയോജിതമായ ഒരു വിജ്ഞാന- സാങ്കേതികവിദ്യാ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. സാങ്കേതികവിദ്യയിലുണ്ടാകുന്ന ദ്രുതഗതിയിലുള്ള മാറ്റങ്ങൾ പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനൊപ്പം പുതിയ വെല്ലുവിളികളും ഉയർത്തുന്നു. ഈ മാറ്റങ്ങൾക്കനുസരിച്ച് തന്ത്രങ്ങൾ

രൂപപ്പെടുത്തുകയും കേരളത്തിന്റെ മാനവവിഭവശേഷി, അക്കാദമിക സ്ഥാപനങ്ങൾ, ഗവേഷണശേഷി എന്നിവയെ നവീകരണത്തിലേക്കും സാമ്പത്തിക വളർച്ചയിലേക്കും നയിക്കുകയും വേണം.

അതിന്റെ ഭാഗമായി, ഐ.ടി., എ.ഐ., ഭാവി സാങ്കേതികവിദ്യകൾ എന്നിവ ഉൾക്കൊള്ളുന്ന വിധത്തിൽ വകുപ്പിന്റെ പ്രവർത്തനപരിധി വിപുലീകരിച്ചിട്ടുണ്ട്. സാങ്കേതികവിദ്യയുടെയും നവീകരണത്തിന്റെയും ആഗോള കേന്ദ്രമായി കേരളത്തെ ഉയർത്തുക എന്ന ലക്ഷ്യത്തോടെ " ടെക് കേരളം" (Tech Keralam) സംസ്ഥാനത്തിന്റെ പൊതുവായ സാങ്കേതികവിദ്യാ അടയാളമായി വികസിപ്പിച്ചുവരുന്നു.

Knowledge State എന്ന നിലയിൽ കേരളത്തെ അടയാളപ്പെടുത്തുകയും ആഗോള സാങ്കേതികവിദ്യ ലക്ഷ്യസ്ഥാനമാക്കി (Global Destination) മാറ്റുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. ഐ.ടി., എ.ഐ., സെമികണ്ടക്ടറുകൾ, ഇലക്ട്രോണിക്സ്, ഡാറ്റാ അനലിറ്റിക്സ്, ക്വാണ്ടം സാങ്കേതികവിദ്യകൾ, ബ്ലോക്ക്ചെയിൻ, എ.വി.ജി.സി. തുടങ്ങിയ

മേഖലകളും മറ്റ് ഉയർന്നുവരുന്ന സാങ്കേതികവിദ്യകളും വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളിലെ അവയുടെ പ്രയോഗങ്ങളും ഇതിന്റെ ഭാഗമാണ്.

ഈ ആവാസവ്യവസ്ഥയ്ക്ക് സംഭാവന നൽകാൻ കേരളത്തിലെ അക്കാദമിക- ഗവേഷണ സ്ഥാപനങ്ങൾക്ക് വലിയ ശേഷിയുണ്ട്. അവയുടെ കഴിവുകളെ വ്യവസായ ആവശ്യങ്ങളോടും ഉയർന്നുവരുന്ന അവസരങ്ങളോടും ബന്ധിപ്പിക്കുന്നതിന് സർക്കാർ TRICK കേന്ദ്രങ്ങളും മേഖലാധിഷ്ഠിത സ്റ്റാർട്ട് അപ് ക്ലസ്റ്ററുകളും ആക്സിലറേറ്ററുകളും, Accelerate Kerala-യും നടപ്പാക്കിവരുന്നു.

(ബി) ഉണ്ട്. കേരളത്തിൽ ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് സർക്കാരിന്റെ സാങ്കേതികവിദ്യാ വികസന നയത്തിന്റെ പ്രധാന ലക്ഷ്യമാണ്. ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ (GCCs), ഗവേഷണ- വികസന കേന്ദ്രങ്ങൾ, സാങ്കേതികവിദ്യാ കമ്പനികൾ എന്നിവയെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനൊപ്പം, സ്റ്റാർട്ടപ്പുകൾക്ക് ബൗദ്ധികസ്വത്ത്, ഉൽപന്നങ്ങൾ, സേവനങ്ങൾ എന്നിവ വികസിപ്പിച്ച് വിപുലീകരിക്കാവുന്ന സംരംഭങ്ങളായി വളരാൻ സഹായിക്കുകയും ചെയ്യുന്നു.

ഗ്ലോബൽ കേപബിലിറ്റി സെന്ററുകൾ മുഖാന്തരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ അഞ്ചുലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ കണ്ടെത്തി വികസിപ്പിക്കുന്നത് മുതൽ നിക്ഷേപ നടപടികൾ സുഗമമാക്കുന്നതിനും കമ്പനികളുടെ സ്ഥാപനവും തുടർന്നുള്ള വളർച്ചയും ഉറപ്പാക്കുന്നതിനുമുള്ള ഏകോപന ചുമതല നിർദിഷ്ട 'ദി ഫ്യൂച്ചർ കോർപ്പറേഷൻ' (TFC) മുഖേന നിർവ്വഹിക്കുന്നതാണ്.

ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവ വികസിപ്പിക്കുന്നതിനും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഉദ്ദേശിക്കുന്നു.

(സി) ഉണ്ട്. നിശ്ചിത മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിക്കുന്ന അർഹരായ സ്വകാര്യ വിവര സാങ്കേതികവിദ്യാ പാർക്കുകൾക്ക്, സർക്കാർ ഐ.ടി. പാർക്കുകൾക്ക് ലഭിക്കുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി ഐടി പാർക്സ് അഫിലിയേഷൻ സ്കീം നടപ്പാക്കി

വരുന്നു. Private Tech Parks Promotion Scheme വഴി പുതിയ സ്വകാര്യ വിവര സാങ്കേതികവിദ്യാ പാർക്കുകൾ വഴി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) കേരള സംസ്ഥാന ഐ.ടി. മിഷനെ കേരള സ്റ്റേറ്റ് ഡിജിറ്റൽ ടെക്നോളജി മിഷനായി പരിവർത്തനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. എ.ഐ., എമർജിംഗ് ടെക്നോളജി എന്നീ പ്രത്യേക വെർട്ടിക്കലുകൾ വഴി എ.ഐ., സൈബർ സുരക്ഷ, ക്വാണ്ടം സാങ്കേതികവിദ്യകൾ, റോബോട്ടിക്സ്, ബ്ലോക്ക്ചെയിൻ, ഡ്രോണുകൾ, എ.വി.ജി.സി. തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്.

കേരളത്തിലെ സെമികണ്ടക്ടർ- ഇലക്ട്രോണിക്സ് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി The Indian Institute of Information Technology and Management – Kerala (IIITM-K) - യെ സെമികോൺ കേരളമായി പരിവർത്തനം ചെയ്യാൻ ഉദ്ദേശിക്കുന്നു.

ഡിജിറ്റൽ സയൻസ് പാർക്ക്, TRICK സെന്ററുകൾ, എ.ഐ. സെന്റേഴ്സ് ഓഫ് എക്സലൻസ്, മേഖലാധിഷ്ഠിത ക്ലസ്റ്ററുകൾ, ആക്സിലറേറ്റ് കേരള

എന്നിവയിലൂടെ ഗവേഷണം, നൈപുണ്യം, സ്റ്റാർട്ടപ്പുകൾ, എന്നിവയെ ബന്ധിപ്പിച്ച് നൂതന സാങ്കേതികവിദ്യാ പ്രയോഗങ്ങളും ഉൽപന്നങ്ങളും ഉയർന്ന മൂല്യമുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നിലവിലുള്ള ഐ.ടി. മേഖലയുമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് സംസ്ഥാന സർക്കാരിനെത്തന്നെ പ്രഥമ ഉപഭോക്താവാക്കാൻ കഴിയുന്ന വിധത്തിൽ, ഉദാഹരണമായി, സർക്കാർ രേഖകളുടെ തിരച്ചിലും വർഗീകരണവും, കൃഷിയുമായി ബന്ധപ്പെട്ട വിവരശേഖരണം, പ്രകൃതി ദുരന്ത മുന്നറിയിപ്പ് സഹായക സംവിധാനം, ആരോഗ്യ സ്ഥാപനങ്ങളുടെ കാര്യക്ഷമത വിലയിരുത്തൽ, പൊതുജനങ്ങളുടെ പരാതി പരിഹാര സംവിധാനം എന്നീ മേഖലകളിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ട് സർക്കാർ തന്നെ പ്രഥമ ഉപഭോക്താവാകാൻ സാധിക്കുന്ന വിധത്തിൽ സർക്കാരിനെ

പരിവർത്തിപ്പിക്കുക. കേരളത്തിന്റെ വിവരസാങ്കേതിക രംഗത്ത് വിപ്ലവം സൃഷ്ടിച്ച ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇതിന് നേതൃത്വം നൽകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, മാറിവരുന്ന സാങ്കേതിക വിദ്യകളുടെ പ്രയോജനം യുവാക്കളിലേയ്ക്ക് ശരിയായ രീതിയിൽ എത്തിക്കേണ്ടത് അതത് സർക്കാരുകളുടെ ചുമതലയാണ്. ഐ.ടി. സാക്ഷരതയുടെ കാലഘട്ടത്തിൽ അതിനായുള്ള പദ്ധതികൾ നടപ്പാക്കിയതുപോലെ കൃത്രിമ ബുദ്ധിയുടെ ഈ പുതിയ യുഗത്തിൽ എ.ഐ. സാക്ഷരത ഉറപ്പാക്കാനുള്ള വൈവിധ്യമാർന്ന പരിപാടികൾ നടന്നുവരുന്നുണ്ട്.

കൃഷി, വ്യവസായം, സേവന മേഖല തുടങ്ങി എല്ലാ രംഗങ്ങളെയും സാങ്കേതിക വിദ്യാധിഷ്ഠിതമാക്കാനുള്ള എല്ലാ പ്രോത്സാഹനങ്ങളും സർക്കാർ നൽകുന്നുണ്ട്. സാങ്കേതിക വിദ്യ എന്നത് എല്ലാ മേഖലകളെയും കൂടുതൽ ശക്തിപ്പെടുത്താനുള്ളതാണ്. അതിന്റെ യഥാർഥ ഉപയോഗവും അതുതന്നെയാണ്. മുമ്പ് 'വെർട്ടിക്കൽ' എന്ന് വിശേഷിപ്പിച്ചിരുന്ന വിവിധ മേഖലകളെ പിന്തുണയ്ക്കുന്നതിനായി ഐ.ടി. മിഷനിലും ഫ്യൂച്ചർ ടെക്നോളജി

മിഷനിലും ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ആരോഗ്യം, കൃഷി, വ്യവസായം ഉൾപ്പെടെയുള്ള മേഖലകൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ മുന്നേറുമ്പോൾ, പഴയതിനേക്കാൾ വളരെ കാര്യക്ഷമമായി സേവനങ്ങൾ എത്തിക്കാൻ സാധിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകളുടെ കടന്നുവരവ് ധാരാളം തൊഴിൽ നഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അങ്ങനെയുള്ള സാഹചര്യത്തിൽ ഈ പ്രൊഫഷനുകൾ ഉപയോഗിച്ചുകൊണ്ട് സംരംഭകത്വ മേഖലയിലേക്ക് കൂടുതൽ ആളുകൾക്ക് തൊഴിൽ പരിശീലനങ്ങൾ നൽകാൻ പറ്റുന്നവിധത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ കീഴിൽത്തന്നെയുള്ള ഡിജിറ്റൽ സർവകലാശാലയുടെ ഒരു എക്സ്റ്റൻഷൻ സെന്റർ, പ്രാദേശിക നൈപുണ്യ പരീശീലന കേന്ദ്രം കോഴിക്കോട് സർവകലാശാലയുടെ കമ്പ്യൂട്ടർ വിഭാഗവുമായി ബന്ധപ്പെടുത്തി തുടങ്ങാൻ സാധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നിലവിലുള്ള ഐ.ടി. ഡെവലപേർസ്, ആ മേഖലയിലൊക്കെയുള്ള തൊഴിലുകളിൽ കുറച്ചു കുറവ്

വരും. ടെക്നോപാർക്കിലൊക്കെ ഇപ്പോൾ ഉള്ള പല കമ്പനികളും അത് ഫേസ് ചെയ്യുന്നു. അവരുടെ കൂട്ടായ്മതന്നെ ആ കമ്പനികളിലെ തൊഴിലാളികൾക്ക് സ്കിൽ ഡെവലപ്പ്മെന്റ് കൊടുത്തിട്ട് അവരെ അപ്ഗ്രേഡ് ചെയ്ത് പുതിയ മേഖലകളിൽ ജോലി നൽകാനുള്ള ശ്രമം നടത്തുന്നുണ്ട്. അതുപോലെതന്നെ ഇപ്പോൾ ബേസിക്കായിട്ടുള്ള ഡിജിറ്റൽ നോളജുള്ള ആളുകൾക്ക് എ.ഐ.-യിലും മറ്റുമൊക്കെ പ്രാവീണ്യം നേടാൻ വേണ്ടി വിവിധ തലത്തിൽ പരിപാടികൾ നടക്കുന്നുണ്ട്. സർവകലാശാലകളുടെ കീഴിൽ ഇത്തരം പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കാവുന്നതാണ്. തീർച്ചയായും തൊഴിൽ നഷ്ടപ്പെടുമ്പോൾ തൊഴിൽ കിട്ടാനുള്ള വഴി എന്നുപറയുന്നത് അവരുടെ സ്കിൽ ഡെവലപ്പ് ചെയ്യുകയാണ്, അവരുടെ നിലവാരം മെച്ചപ്പെടുത്തുകയാണ്, അറിവ് കൂട്ടുകയാണ്.

ശ്രീ. പി. കെ. നവാസ്: സർ, നമ്മൾ ഇപ്പോൾ സഭയിൽ ചർച്ച ചെയ്തത് ഈ പറയുന്ന ടെക്നോളജിയുടെയൊക്കെ മാറ്റം ഉണ്ടാകുമ്പോൾ കേരളത്തിലെ യുവാക്കൾക്കിടയിൽ തൊഴിൽ നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള ആശങ്കയാണ്. 2002-ൽ ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ-

വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി ആയിരിക്കുന്ന ഘട്ടത്തിലെടുത്ത നിർണ്ണായകമായ തീരുമാനങ്ങൾ കേരളത്തിന്റെ ടെക്നോളജിയുടെ ഭൂപടം തന്നെ മാറ്റിമറിച്ചിട്ടുണ്ടെന്ന് അറിയാം. 2002-ൽ തിരുവനന്തപുരം ടെക്നോപാർക്കിന് കീഴിൽ അന്ന് ആരംഭിച്ച ടെക്നോപാർക് ബിസിനസ് ഇൻകുബേറ്റർ സെന്റർ ഇന്ന് വിവിധ ഘട്ടങ്ങളിലൂടെ മാറ്റങ്ങൾ വന്ന് 25 വർഷങ്ങൾക്കിപ്പുറം കേരള കേരള സ്റ്റാർട്ടപ്പ് മിഷനായി എത്തി നിൽക്കുകയാണ്. ടെക്നോളജിയുടെ മാറ്റം ഉണ്ടായ ആ കാലം മുതൽ ആ കാലത്തിന്റെ ടെക്നോളജിയെ ഉൾക്കൊള്ളാൻ കഴിയുന്ന രൂപത്തിലേക്ക് നമ്മുടെ ഐ.ടി. മേഖലയിൽ മാറ്റം വന്നിരുന്നു. അത് ഇന്ന് കേരള സ്റ്റാർട്ടപ്പ് മിഷനിൽ എത്തി നിൽക്കുമ്പോൾ പുതിയ മാറ്റങ്ങൾക്കും പുതിയ അവസരങ്ങൾക്കുമാണ് സാഹചര്യം ഒരുക്കിയിട്ടുള്ളത്. ഈ സർക്കാർ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഈ സാങ്കേതികവിദ്യ മേഖലയിൽ അഞ്ച് ലക്ഷം തൊഴിലവസരങ്ങൾ നൽകുമെന്ന് പറഞ്ഞത് ചെറുപ്പക്കാർക്കിടയിൽ വലിയ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. ഈ ലക്ഷ്യം കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തൊഴിലുകൾ കൊടുക്കും എന്നുപറയുന്നത് ഒരു പ്രോമിസ് മാത്രമല്ല, തൊഴിലുകൾ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അധികം തൊഴിലുകളും Technology-Assisted ആയിട്ടാണ് വന്നുകൊണ്ടിരിക്കുന്നത്. ചെറുതും വലുതുമായ അനവധി കമ്പനികൾ വന്നുകൊണ്ടിരിക്കുന്നു. അവർതന്നെ കമ്പനി ഉണ്ടാക്കുന്നു. സ്റ്റാർട്ടപ്പ് മിഷനിൽ ഐഡിയാസ് പ്രോജക്ടായി മാറുന്നു. ഇത് നിരന്തരം നടന്നുകൊണ്ടിരിക്കുന്നു. ഇതാണ് ഇപ്പോഴത്തെ ആക്ടിവിറ്റി. കുട്ടികളൊക്കെ അതിൽ വളരെ എൻഗേജ്ഡ് ആണ്. പക്ഷേ നമ്മുടെ സർവകലാശാലകൾ, കോളേജുകൾ ഒക്കെ ആ നിലവാരത്തിൽ വന്നിട്ടില്ല. വിദേശരാജ്യങ്ങളിലൊക്കെ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് ഹയർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളാണ്. അതാണ് നമ്മുടെ ഒരു പോരായ്മ. 2001-2002 കാലഘട്ടത്തിൽ നിന്ന് വ്യത്യാസം വന്നിട്ടുണ്ട്. ഈ കാലഘട്ടത്തെ സംബന്ധിച്ച് കഴിവും പ്രാവീണ്യവും ഐഡിയയുമുള്ള കുട്ടികൾ ഒന്നുകിൽ സ്റ്റാർട്ടപ്പ് മിഷനിലോ അവരുടെ കമ്പ്യൂട്ടറിന്റെ മുമ്പിലോ അല്ലെങ്കിൽ അവരുടെ മൊബൈലിലോ ആണ്. വളരെ നല്ല ഒരു

പ്രോമിസിങ് ആയിട്ടുള്ള ഒരു സാഹചര്യമാണ് നമുക്കുള്ളത്. അഞ്ച് ലക്ഷം എന്നുള്ളത് നമ്മുടെ ഒരു എസ്റ്റിമേറ്റ് പറഞ്ഞെന്നേയുള്ളൂ. ഒരുപക്ഷേ അതിൽ അധികം ആയിരിക്കും തൊഴിൽ ലഭ്യതയുണ്ടാകുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എ.ഐ., മെഷീൻ ലേണിങ്, ഡീപ് ലേണിങ്, ഓട്ടോമേഷൻ എന്നിവയുടെ ദോഷങ്ങൾ ഒഴിവാക്കാൻ സംസ്ഥാനത്തെ ഐ.ടി. പാർക്കുകൾ, എഞ്ചിനീയറിങ് കോളേജുകൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ സാങ്കേതിക കമ്പനികൾ എന്നിവയെ ഏകോപിപ്പിച്ച് സംയുക്ത ഗവേഷണത്തിനും സാങ്കേതിക വികസനത്തിനും സംവിധാനം ഏർപ്പെടുത്തുമോ; പ്രസ്തുത പദ്ധതികളുടെ ഭാഗമായി മലബാർ ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ പുതിയ സാങ്കേതിക വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനൊക്കെ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എല്ലാ ഭാഗത്തും ഐ.ടി. പാർക്കുകൾ സർക്കാർ തുടങ്ങുന്നുണ്ട്. പോരാത്തതിന് ആരെങ്കിലും ഇതുപോലുള്ള എഞ്ചിനീയറിങ് കോളേജുകൾ അല്ലെങ്കിൽ മറ്റ് സ്വകാര്യ

ഐ.ടി. പാർക്കുകൾ തുടങ്ങുകയോ ചെയ്താൽ അവരെ അഫിലിയേറ്റ് ചെയ്യുന്ന സ്കീം സർക്കാരിനുണ്ട്. ഇങ്ങനെ സംയോജനവും ക്വാണ്ടം കംപ്യൂട്ടിങും പോലുള്ള കാര്യങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടിയാണ് ഞാൻ നേരത്തേ പറഞ്ഞതുപോലെ, ടെക്നോളജി മിഷന്റെ കീഴിൽ വിവിധ വെർട്ടിക്കിളുകളായി ഓരോന്നിനും സൂപ്പർവൈസ് ചെയ്യുന്ന പരിപാടികൾ നമുക്കുള്ളത്. ആര് ഒരു ഐഡിയയോ പ്രോജക്ടോ കൊണ്ടുവന്നാലും അവരെ സപ്പോർട്ട് ചെയ്യാൻ സർക്കാർ എല്ലാ നടപടികളും എടുക്കും. പ്രത്യേകിച്ച് ക്യാമ്പസിലാണെങ്കിൽ അതിന് എല്ലാ നടപടിയും എടുക്കും.

<u>ശ്രീ. അബിൻ വർക്കി കോടിയാട്ട്</u>: സർ, 2024-2025 ബജറ്റിൽ ആറന്മുള ഐ.ടി. ഹബ്ബ് എന്നൊരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. പക്ഷെ രണ്ടുകൊല്ലമായിട്ടും അതിന്റെ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല. കേരള സ്റ്റേറ്റ് ഡ്രോണിക്സിനെയാണ് അതിന്റെ ക്ലയന്റായി അന്ന് നിശ്ചയിച്ചിരുന്നത്. അതുകൊണ്ടുതന്നെ അന്ന് മൂന്ന് ഏക്കർ സ്ഥലം ആയിരുന്നു വേണ്ടിയിരുന്നത്. ആ മൂന്ന് ഏക്കർ സ്ഥലമുൾപ്പെടെ ഏറ്റെടുക്കാനും ഇനിഷ്യേറ്റീവ് എടുക്കാനുമൊക്കെ ഞങ്ങൾ തയ്യാറാണ്. ആ

പദ്ധതി ദ്രുതഗതിയിലാക്കി ആറന്മുളയുടെ ഡിജിറ്റൽ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ ഈ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതുസംബന്ധിച്ച കാര്യങ്ങൾ എഴുതിതന്നാൽ പ്രത്യേകം പരിശോധിക്കാം. സ്പെസിഫിക്കായിട്ടുള്ളത് പരിശോധിച്ചേ പറയാൻ പറ്റുകയുള്ളൂ. എഴുതിതന്നാൽ അതിനുവേണ്ട നടപടിയെടുക്കാം.

ശ്രീ. പി. എം. എ. സമീർ: സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റേയും ഡാറ്റാ സെന്ററിന്റെയും ഡെവലപ്മെന്റ് വലിയ പ്രാധാന്യവും സാധ്യതയും നൽകുന്നൊരു അവസരമാണ് കേരളത്തിന് വന്നിരിക്കുന്നത്. രണ്ടു കാരണം കൊണ്ടാണ് ഇത് അവസരമാണ് എന്നുപറയുന്നത്. ഡാറ്റാ സെന്ററിന്റെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റേയുമൊക്കെ ഏറ്റവും ആവശ്യമായ സെമികണ്ടക്ടർ ചിപ്പ് മാനുഫാക്ചറിങ്ങിനുള്ള മിനറൽസ് നമ്മുടെ മണ്ണിൽ ലഭ്യമാണ്. രണ്ടാമത്തെ ഓപ്പർച്യൂണിറ്റി ലോകത്തുതന്നെ ഏറ്റവും ഡിമാൻഡിങ്ങായി, ഏറ്റവും പ്രോമിസിങ് ആയ ശമ്പളസ്കെയിലിൽ ആളുകളെ എടുത്തുകൊണ്ടിരിക്കുന്നത് ഈ ചിപ്പ് മാനുഫാക്ചറിങ് സെക്ടറിലെ

ജോലികൾക്കാണ്. ഈ മേഖലകളെ ഉപയോഗപ്പെടുത്തുന്നതിന് കേരളത്തിൽ ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ നിലവിലുണ്ടോ; ആലോചനയിലുണ്ടോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, നമ്മൾ ഇതിനകംതന്നെ വളരെയധികം മുന്നോട്ട് പോകേണ്ടിയിരുന്ന ഒരു മേഖലയാണിത്. മറ്റ് സംസ്ഥാനങ്ങളൊക്കെ പോയ അത്ര നമ്മൾ പോയിട്ടില്ല എന്നുള്ളതാണ് വസ്തുത. നമുക്ക് നേരത്തേ ഉണ്ടായിരുന്ന ഒരു ടിപ്പിൾ ഐ.ടി.എം.-കെ. സെമികണ്ടക്ടർ മിഷൻ ചെയ്യുന്ന സ്ഥാപനമായി മാറ്റിയിട്ടുണ്ട്, സെമികോൺ കേരളം ആയി മാറ്റിയിട്ടുണ്ട്. അത്രയ്ക്കുള്ള പ്രവർത്തനങ്ങളേ ഇവിടെ നടന്നിട്ടുള്ളൂ. ഇപ്പോൾ പറഞ്ഞതുപോലെ സെമികണ്ടക്ടറിനു ആവശ്യമായ റോ മെറ്റീരിയലിൽ ഏറ്റവും ക്രിട്ടിക്കലായിട്ടുള്ള റോ മെറ്റീരിയൽ ഉള്ള സ്റ്റേറ്റ് ആണ് കേരളം. സിലിക്ക സാൻഡ് അതുപോലെ കരിമണലിൽനിന്ന് കിട്ടുന്ന ചില വസ്തുക്കൾ, അതൊന്നും പ്രയോജനപ്പെടുത്താൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. ലോകത്ത് ഇപ്പോൾ ഏറ്റവുമധികം ഡിമാൻഡുള്ള ജോലികളും വ്യവസായങ്ങളുമൊക്കെ വരുന്നത് സെമികണ്ടക്ടർ

മേഖലയിലാണ്. ഏറ്റവുമധികം സാലറിയുള്ള മേഖലയാണിത്. ഏറ്റവുമധികം ഇൻവെസ്റ്റ്മെന്റ് പോസിബിലിറ്റി ഇല്ല. പക്ഷേ ഏറ്റവുമധികം പൊട്ടൻഷ്യലുള്ള സംസ്ഥാനമാണ് കേരളം. പക്ഷേ വിവാദംകൊണ്ട് നമുക്ക് അതൊന്ന് തൊടാൻ പറ്റിയിട്ടില്ല. ഉള്ള കാര്യം ഉള്ളതുപോലെ പറഞ്ഞാൽ കുഴപ്പമില്ലല്ലോ. ഇപ്പോഴും നമ്മൾ വിവാദം പേടിച്ചിട്ട് ഹെസിറ്റേറ്റ് ചെയ്ത് നിൽക്കുകയാണ്. എല്ലാവരുംകൂടി ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. കെ. എം. അഭിജിത്ത്: സർ, അനുദിനം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു മേഖലയായി ഇന്ന് ഐ.ടി. രംഗം മാറുകയാണ്. ഐ.ടി. ഒരു വ്യവസായമായി മാറുന്ന കാലത്തിൽ, സരൾ കേരളം ബില്ല് പോലെ കേരളത്തെ നിക്ഷേപ സൗഹൃദമാക്കാനുള്ള പദ്ധതികളെയൊക്കെ ഞങ്ങൾ അഭിനന്ദിക്കുന്നു. അതോടൊപ്പം ഐ.ടി. മേഖലയിലുള്ള സംരംഭങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് അവരുടെ പല ആകർഷണീയമായ പദ്ധതികൾ കൊണ്ടുപോകുകയാണ്. അത്തരം ഇടങ്ങളിൽ നിന്ന് പ്രത്യേകിച്ച് പ്രവാസികൾ ഉൾപ്പെടെയുള്ള ആളുകളുടെ സഹായത്തോടെ, പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ഐ.ടി.

പാർക്കുകളോ വ്യവസായ കേന്ദ്രങ്ങളോ കേരളത്തിലേക്ക് കൊണ്ടുവരാനുള്ള നടപടികളും അങ്ങനെ തുടങ്ങുന്ന സംരംഭങ്ങൾക്ക് ഏതെങ്കിലും രീതിയിലുള്ള ഇളവുകളും അവരെ കൂടുതൽ ഇവിടെത്തന്നെ ഇൻവെസ്റ്റ് ചെയ്യിക്കാനുള്ള നടപടികളും നമ്മൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, എല്ലാ കാര്യങ്ങളിലും മറ്റു സംസ്ഥാനങ്ങൾ കൊടുക്കുന്ന ഇളവുകൾ നമ്മളും കൊടുക്കേണ്ടിവരും. ഇന്ന് അതുസംബന്ധിച്ച് ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന ഞാൻ ഇവിടെ വയ്ക്കുന്നുണ്ട്. വ്യവസായ സൗഹൃദ സംസ്ഥാനങ്ങൾ കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും കേരളവും കൊടുക്കേണ്ടിവരും. സിംപ്ലിഫിക്കേഷൻ അതോറിറ്റി രൂപീകരിച്ചതൊക്കെ അതിന്റെ ഭാഗമാണ്. ലാൻഡ് എടുത്ത് ഡെവലപ്മെന്റ് ചെയ്ത് വളരെ സിമ്പിൾ ആയിട്ട് ഈ കാര്യങ്ങളൊക്കെ, കർണ്ണാടകയും തെലുങ്കാനയും കൊടുക്കുന്ന മറ്റ് ആനുകൂല്യങ്ങളിൽ കഴിയാവുന്നത് നമ്മളും കൊടുത്താലേ വരികയുള്ളൂ. എല്ലാം കേരളത്തിന് പറ്റിയെന്നുവരില്ല. ഇൻസെന്റീവ് പാക്കേജ് എല്ലാം കൊടുത്താലേ കേരളത്തിൽ വരികയുള്ളൂ. അല്ലെങ്കിൽ കൊടുക്കുന്നയിടത്തേക്ക് അവർ

പോകും. നമ്മൾ അത്തരത്തിലുള്ള ശ്രമങ്ങൾ മുമ്പ് നടത്തിയതിന് റിസൽട്ട് ഉണ്ടായിട്ടുണ്ട്. ആന്റണി സർക്കാരിന്റെ കാലത്ത് വിപ്രോ, ഇൻഫോസിസ് പോലെ മറ്റ് വലിയ ഐ.ടി. കമ്പനികളൊക്കെ ഇവിടെ വന്നില്ലേ? നമ്മൾ അത്തരം പാക്കേജുകൾ കൊടുത്ത് കൊണ്ടുവന്നു. ഇന്ന് ടെക്നോപാർക്ക് ഇരിക്കുന്നിടത്ത് ചെന്നുനോക്കിയാൽ എന്താ കഥ; വലിയ സിറ്റിയായി മാറിയില്ലേ? ഇൻഫോപാർക്ക് വലിയ സിറ്റിയായി മാറിയില്ലേ. കേരളത്തിലും സാധിക്കും, സംശയമൊന്നുമില്ല. പക്ഷേ മറ്റ് സംസ്ഥാനങ്ങൾ ചെയ്യുന്നതുപോലെ നമ്മളും ചെയ്യേണ്ടിവരും.

<u>ശ്രീ. മുഹമ്മദ് ഷിയാസ്</u>: സർ, ഐ.ടി. രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വരവോടെ വലിയ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സമയം കൂടിയാണിത്. പുതിയ കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും ഉന്നത വിദ്യാഭ്യാസമുള്ള കുട്ടികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള വലിയ പോളിസി രൂപീകരണങ്ങൾ നടക്കുന്ന സമയത്തുതന്നെ, ഐ.ടി. സ്ഥാപനങ്ങളിലെ കൂട്ടപ്പിരിച്ചുവിടൽ വലിയൊരു സാമൂഹിക പ്രശ്നമായി മാറിയിരിക്കുകയാണ്. എറണാകുളത്തെ

കോറോ ഹെൽത്ത് (Corro Health Infotech Private Limited) എന്ന സ്ഥാപനത്തിൽ, രാവിലെ ജോലിക്ക് എത്തിയ എണ്ണൂറിലധികം പേരെയാണ് ഇന്ന് മുതൽ ജോലിയിൽ പ്രവേശിക്കേണ്ടതില്ലെന്ന് പറഞ്ഞത്. ലോകത്ത് തന്നെ, ഐ.റ്റി. രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വരവോടുകൂടി വലിയ മാറ്റങ്ങൾ പിരിച്ചുവിടലുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുകയാണ്. ടി.സി.എസ്. (TCS - Tata Consultancy Services) 7000 മുതൽ 15000 പേരെ വരെ പിരിച്ചുവിടുന്നതിന വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെയാണ് കോഗ്നിസന്റും. കൂടാതെ മൈക്രോസോഫ്റ്റ് 125000 ആളുകളിൽ നിന്നും 7 ശതമാനം ആളുകൾ സ്വയം പിരിഞ്ഞുപോകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. 2026 തുടങ്ങിയതിനുശേഷം 92 ഐ.റ്റി. സ്ഥാപനങ്ങളിൽ നിന്നും 92272 പോരെയാണ് ഈ സമയംവരെ പിരിച്ചുവിട്ടിരിക്കുന്നത്. ഇത്തരത്തിൽ ഐ.റ്റി. കമ്പനികളിൽ നിന്നുള്ള പെട്ടെന്നുള്ള കൂട്ട പിരിച്ചുവിടലിനെതിരായി എന്തെങ്കിലും നടപടി, ഒരു ഓഫീസ് വെൽനെസ്സ് പോളിസി

സർക്കാരിനുണ്ടോ; അതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കാര്യങ്ങൾ നടപ്പിലാക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇതുസംബന്ധിച്ച് കേരളത്തിൽ കോറോ ഹെൽത്തുമായി ബന്ധപ്പെട്ട വലിയ പ്രശ്നമുണ്ടായി. അത് തൊഴിൽ വകുപ്പുമന്ത്രിക്ക് അറിയാം. അതിനെത്തുടർന്ന് യോഗം വിളിച്ചിരുന്നു. സാങ്കേതികവിദ്യ മാറുമ്പോൾ തൊഴിൽ നഷ്ടപ്പെടുക എന്നത് ലോകവ്യാപകമായ ഒരു പ്രതിഭാസമാണ്. അവരെ മറ്റു ടെക്നോളജിയിലേക്ക് അപ്ഗ്രേഡ് ചെയ്ത് ജോലിസാധ്യത കണ്ടെത്തുക എന്നുള്ളതാണ് പരിഹാര മാർഗ്ഗം. അത് നമ്മൾ ചെയ്യുന്നുണ്ട്. ഇതൊരു excuse ആക്കി എടുത്ത് ആവശ്യമില്ലാതെ പിരിച്ചുവിടുന്നത് നിയമപരമായി നേരിടാം; അതിനായി ഇവിടെ ലേബർ നിയമങ്ങളുണ്ട്.

ശ്രീ. എം. വിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ഇരണാവിൽ കിൻഫ്രയുടെ 164 ഏക്കർ ഭൂമി, നേരത്തെ പ്രതിരോധ വകുപ്പിന് കോസ്റ്റ് ഗാർഡ് അക്കാദമി സ്ഥാപിക്കുന്നതിന് നൽകിയതാണ്. കോസ്റ്റ് ഗാർഡ് അക്കാദമി മംഗലാപുരത്തേക്ക് മാറ്റിയതിനെത്തുടർന്ന് കഴിഞ്ഞ

സർക്കാർ ആ സ്ഥലം പ്രതിരോധ വകുപ്പിൽ നിന്നും വീണ്ടും കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചതാണ്. ഈ 164 ഏക്കർ സ്ഥലത്ത് ഐ.റ്റി. പാർക്ക് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കാൻ അങ്ങയുടെ ഭാഗത്തുനിന്നും ഇടപെടലുകൾ ഉണ്ടാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കൈയിലുള്ള ഭൂമി പറ്റാവുന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

തുറമുഖങ്ങൾക്കും വിമാനത്താവളങ്ങൾക്കും സമീപം പുതിയ വ്യവസായ കേന്ദ്രങ്ങൾ

(*183) ശ്രീ. കെ. പി. നൗഷാദ് അലി:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. കെ. പ്രവീൺ കുമാർ:
ശ്രീ. സിറിയക് തോമസ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ- വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര, ഇൻകെൽ എന്നീ സ്ഥാപനങ്ങൾ മുഖേന സംസ്ഥാനത്തെ തുറമുഖങ്ങൾക്കും വിമാനത്താവളങ്ങൾക്കും സമീപമായി പുതിയ വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തുറമുഖങ്ങളുടെയും വിമാനത്താവളങ്ങളുടെയും സമീപപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായ പാർക്കുകളും സംരംഭക കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങൾ, ഭക്ഷ്യസംസ്കരണം, ചരക്കുനീക്ക അനുബന്ധ വ്യവസായങ്ങൾ, വിവരസാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിന് പ്രസ്തുത വ്യവസായ കേന്ദ്രങ്ങൾ സഹായകമാകുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പുതിയ വ്യവസായ കേന്ദ്രങ്ങളിൽ സംരംഭകർക്ക് ഭൂമി, വൈദ്യുതി, ജലം, റോഡ് സൗകര്യം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) കിൻഫ്രയുടെയും ഇൻകെലിന്റെയും നേതൃത്വത്തിൽ ഇത്തരം വ്യവസായ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിലൂടെ കൂടുതൽ ആഭ്യന്തര-വിദേശ

നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംസ്ഥാനത്ത് തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, (എ) ഉണ്ട്. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കയറ്റുമതി വ്യവസായം പ്രോത്സാഹിപ്പിക്കുവാനും അതിനോടൊപ്പം നിലവിലുള്ള വ്യവസായങ്ങളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനുമായി പുതിയ വ്യവസായ സോണുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി അനുയോജ്യമായ സ്ഥലങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര, ഇൻകെൽ എന്നിവ വഴി ആരംഭിച്ചിട്ടുണ്ട്. ഇതിനായി സർവേ നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കി ഇൻഡസ്ട്രിയൽ സോൺ വിജ്ഞാപനം ഉടനെ പുറപ്പെടുവിക്കുന്നതാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കിൻഫ്ര ഇതിനകം തന്നെ നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ കണ്ണൂർ വിമാനത്താവളത്തിനു സമീപം

കിൻഫ്ര ഏറ്റെടുത്തിട്ടുള്ള 475 ഏക്കർ ഭൂമി കേന്ദ്ര സർക്കാരിന്റെ ഭാരത് ഔദ്യോഗിക് വികാസ് യോജന (BHAVYA) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനോടൊപ്പം, കണ്ണൂർ ജില്ലയിലെ പനയത്താംപറമ്പിലുള്ള 447 ഏക്കർ ഭൂമിയിൽ വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൊച്ചി വിമാനത്താവളത്തിന് സമീപമുള്ള അയ്യമ്പുഴയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. കൊച്ചി-ബാംഗ്ലൂർ ദേശീയ വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് 1700 ഏക്കർ ഭൂമിയിൽ മാനുഫാക്ചറിങ് സിറ്റിക്കായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടും വിമാനത്താവളങ്ങളുടെ പരിസരത്തും വലിയ തോതിൽ സംരംഭങ്ങൾ തുടങ്ങുവാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ഇൻകെൽ താൽപര്യപത്രം ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖത്തിന്റെ സാധ്യതകൾ വ്യാവസായിക വികസനത്തിന് ഉപയുക്തമാക്കുന്നതിന്റെ ഭാഗമായി, കയറ്റുമതി- ഇറക്കുമതി ചരക്കുകളുടെ കൈകാര്യം ചെയ്യലിനും അനുബന്ധ ലോജിസ്റ്റിക്സ് സേവനങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി, ട്രിവാൻഡ്രം സ്പിന്നിങ് മിൽസ് ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള അധികഭൂമിയിൽ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ, എംപ്റ്റി കണ്ടെയ്നർ യാർഡ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. മറ്റ് മുൻനിര സംസ്ഥാനങ്ങളോട് കിടപിടിക്കുന്ന രീതിയിൽ ആകർഷകമായ ഇൻസെന്റീവ് പാക്കേജുകൾ നല്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ഐ.ടി. അധിഷ്ഠിത വ്യവസായങ്ങളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) വ്യവസായ വകുപ്പ് മുഖേന വികസിപ്പിക്കുന്ന പുതിയ വ്യവസായ കേന്ദ്രങ്ങളിൽ സംരംഭകർക്ക് വ്യാവസായികാവശ്യങ്ങൾക്കായി ഭൂമി അനുവദിക്കുന്നതിനൊപ്പം വൈദ്യുതി, ജലം, റോഡ് സൗകര്യം, ഡ്രെയിനേജ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ട്. ഏറ്റവും ആധുനീകമായ പ്ലഗ് ആൻഡ് പ്ലേ അടിസ്ഥാന സൗകര്യം വിവിധ വ്യവസായ പാർക്കുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) ഉണ്ട്. കിൻഫ്രയുടെ നേതൃത്വത്തിൽ ഇത്തരം വ്യവസായ കേന്ദ്രങ്ങൾ അനുമതി ലഭിച്ചു പൂർത്തീകരിക്കുന്നതോടെ വിവിധ മേഖലകളിലായി കൂടുതൽ ആഭ്യന്തര-വിദേശ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും സംസ്ഥാനത്ത് തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

<u>ശ്രീ. കെ. പി. നൗഷാദ് അലി</u>: സർ, കേരളത്തിലെ തുറമുഖങ്ങൾക്കും വിമാനത്താവളങ്ങൾക്കും സമീപം വ്യവസായ പാർക്കുകളും സംരംഭക പാർക്കുകളും സ്ഥാപിക്കുന്നതിനുള്ള പ്രധാന പ്രതിബന്ധമായി വരുന്നത് സ്ഥലലഭ്യതയാണ്. വെർട്ടിക്കൽ ഇൻഡസ്ട്രിയൽ ബിൽഡിങ്ങുകളും മൾട്ടി-

സ്റ്റോറി റാംപ് വെയർഹൗസുകളും പരീക്ഷിച്ചാൽ സ്ഥലപരിമിതിയെ മറികടക്കാൻ സാധിക്കുന്നതാണ്. സിംഗപ്പൂർ പോലുള്ള രാജ്യങ്ങൾ ഇത് പരീക്ഷിച്ച് വിജയിപ്പിച്ചിട്ടുണ്ട്. സിംഗപ്പൂർ ചാങ്കി എയർപോർട്ട് അതിന് ഉദാഹരണമാണ്. തുറമുഖ തീരപ്രദേശങ്ങളിലൊക്കെ വ്യവസായ പാർക്കിനുള്ള പ്രധാന തടസ്സം സി.ആർ.ഇസഡ്. (കോസ്റ്റൽ റെഗുലേഷൻ സോൺ) നിബന്ധനകളാണ്. ഇത് പ്രധാനമായും ഇൻഡസ്ട്രിയൽ വാട്ടർബേസ് ഡിസ്ചാർജ്ജും എഫ്ലുവന്റ് ഡിസ്ചാർജ്ജും (Effluent Discharge) മാലിന്യങ്ങളുമൊക്കെ ഒഴുക്കിവിടുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്.

<u>മി. സ്പീക്കർ</u>: യെസ്... യെസ്... പ്ലീസ് കം റ്റു ദി പോയിന്റ്.

<u>ശ്രീ. കെ. പി. നൗഷാദ് അലി</u>: സർ, ഇത് പരിഹരിക്കാൻ കേന്ദ്രീകൃത അടിസ്ഥാന സൗകര്യ പങ്കാളിത്തവും പങ്കിടൽ സൗകര്യവും ഏർപ്പെടുത്തിയാൽ അത് നമുക്കൊരു പോംവഴിയാണ്. വിവിധ തുറമുഖങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് അത് ചെയ്യാവുന്നതാണ്. സിംഗപ്പൂരിലെ ജൂറോങ് ദ്വീപ് (Jurong Island) മാരിടൈം കെമിക്കൽ ക്ലസ്റ്റർ പോലെയുള്ള

ഉദാഹരണങ്ങൾ നമുക്കുമുന്നിലുണ്ട്. കോസ്റ്റൽ റെഗുലേഷൻ സോൺ (CRZ-III) നോൺ ഡെവലപ്പ്മെന്റ് ഏരിയയാണ്. അവിടെ സോളാർ ഫാം പോലുള്ള പദ്ധതികൾ നമുക്ക് പരീക്ഷിക്കാവുന്നതാണ്. അത്തരത്തിലുള്ള ആലോചനകളുണ്ടോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഈ കാര്യങ്ങളൊക്കെ ആലോചനയിലുള്ളതാണ്. സിംഗപ്പൂർ വ്യവസായവൽകൃത ലോകത്തിലെ നമ്പർ വൺ എക്കോണമിയാണ്. അവിടെ ധാരാളം മാതൃകകളുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ മൾട്ടി സ്റ്റോറീഡ് പാർക്കുകൾ, ഏകോപിപ്പിച്ച പാർക്കുകൾ ഇവയെല്ലാം ചെറിയതോതിൽ ഇവിടെയുണ്ട്. വിഴിഞ്ഞം തുറമുഖമൊക്കെ നടപ്പിലായി വരുന്ന ഘട്ടത്തിൽ വലിയരീതിയിൽ നടപ്പിലാക്കാനുള്ള പ്ലാനുകളുണ്ട്. അതുപോലെ ചീഫ് മിനിസ്റ്റർ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്ന തുറമുഖ പദ്ധതിയായ മിഷൻ സമുദ്രയുമായി ബന്ധപ്പെട്ട് വരുന്ന കാര്യങ്ങളൊക്കെയാണ്. ഈ പ്ലാൻ തീർച്ചയായും നമുക്കുണ്ട്.

മി. സ്പീക്കർ: ചോദ്യം ചോദിക്കുമ്പോൾ ലിമിറ്റ് ചെയ്താൽ 9.55-ന് ഈ ചോദ്യം തീരും. 9.55-ന് അടിയന്തര ചോദ്യം എടുക്കേണ്ടതുണ്ട്.

ശ്രീ. കെ. പി. നൗഷാദ് അലി: സർ, ചരക്കുനീക്കവും അതിന്റെ അടിസ്ഥാന സൗകര്യ വികസനവുമൊക്കെ ധാരാളം ചർച്ച ചെയ്യുന്നുണ്ട്. വ്യവസായികൾക്കും ബന്ധപ്പെട്ട ഒഫിഷ്യൽസുകൾക്കും കേരളത്തിലൂടനീളം യാത്ര ചെയ്യേണ്ടതുണ്ട്. കോഴിക്കോട് വിമാനത്താവളം എടുത്താൽ അവിടെ നിന്നും തിരുവനന്തപുരത്തേക്കും കൊച്ചിയിലേക്കും കണ്ണൂരിലേക്കൊന്നും വിമാനങ്ങളില്ല. ഈ ഒരു അടിസ്ഥാന സൗകര്യം കൂടി ഇതിന്റെ ഭാഗമാക്കി പരിഹരിക്കാനുള്ള നടപടികൾ ഉണ്ടാകണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കോഴിക്കോട് വിമാനത്തവളത്തിൽ നിന്നും വിമാനമില്ലാത്തതിന്റെ പ്രശ്നം അനുഭവിക്കുന്നവരാണ് നമ്മളെല്ലാവരും. എം.എൽ.എ.-മാർ, ദമ്പതികൾ, വ്യവസായികൾ എന്നുവേണ്ട നിലവിൽ എക്കണോമി എയർലൈനുകൾ ഉള്ളതുകൊണ്ട് സാധാരണക്കാരും വിമാനത്തിൽ യാത്ര ചെയ്യുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് ഇൻഡിഗോ വിമാനകമ്പനിക്ക് കത്ത് അയച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് സംസാരിക്കുന്നതിനുവേണ്ടി രണ്ടാഴ്ച യ്ക്കുള്ളിൽ വരാമെന്ന് പറഞ്ഞിട്ടുണ്ട്. ഇന്റേണൽ ഫ്ലൈറ്റ് വർധിപ്പിക്കുന്നത് സംബന്ധിച്ച് സീരിയസ്സായി ചർച്ച നടത്തുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ് ചൂമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. ആർ. ബൈജു: സർ, തുറമുഖങ്ങൾക്കും വിമാനത്താവളങ്ങൾക്കും സമീപത്ത് വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സ്വകാര്യ സംരംഭകരിൽ നിന്നും നിക്ഷേപകരിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ടോ? കാട്ടാക്കട നിയോജകമണ്ഡലത്തിലൂടെയാണ് വിഴിഞ്ഞം ഔട്ടർ റിങ് റോഡ് കടന്നുപോകുന്നത്. ഒരു വ്യവസായ ഇടനാഴിയായി മാറാൻ സാധ്യതയുള്ള ഈ പ്രദേശത്തെ ഒരു വ്യവസായ ഹബ്ബാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വ്യവസായ ഹബ്ബായി മാറുന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിലവിൽ വിഴിഞ്ഞത്തിന് വൻ ഡിമാന്റാണ്. ഭൂമി ആവശ്യപ്പെട്ടുവരുന്നവർക്ക് നൽകാൻ ഒരു സെന്റ് ഭൂമി നമ്മുടെ കൈവശമില്ല. ഞാൻ കുറ്റം പറയുകയല്ല. അവിടെ കാര്യമായ

സ്ഥലം നമ്മൾ എടുത്തില്ല. വളരെ ദ്രുതഗതിയിൽ സ്ഥലമെടുത്ത് സൗകര്യങ്ങൾ ഒരുക്കികൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പ്രവീൺ കുമാർ: സർ, വിമാനത്താവളങ്ങളുടെയും തുറമുഖത്തിന്റെയും പരിസരങ്ങളിൽ വ്യവസായകേന്ദ്രങ്ങൾ തുടങ്ങുന്നതിനെക്കുറിച്ച് അറിയാൻ സാധിച്ചു, ആ നടപടിയിൽ സർക്കാരിനെ അഭിനന്ദിക്കുന്നു. ഇതിനായി തുറമുഖത്തിന്റെയും വിമാനത്താവളങ്ങളുടെയും പരിസരങ്ങളിൽ പ്രത്യേകമായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സ്ഥലം കണ്ടെത്താൻ വേണ്ടി ജില്ലാ കളക്ടർമാരെയും KSIDC, KINFRA തുടങ്ങിയ വ്യവസായത്തിന്റെ വിവിധ ഏജൻസികളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വിഴിഞ്ഞം, കൊച്ചി, കോഴിക്കോട് തുടങ്ങി ഏറ്റവും പൊട്ടൻഷ്യൽ ഉള്ള സ്ഥങ്ങളിൽ മാത്രം സ്ഥലം എടുക്കുക എന്നുള്ളതാണ് നമ്മുടെ ഒരു പോളിസി. എല്ലായിടത്തും സ്ഥലം എടുത്തിട്ട് ഒരു കാര്യവുമില്ലാതെ കിടക്കുന്നുണ്ട്. അനവധി പാർക്കുകൾ ഇതുപോലെ കിടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം

ചോദിച്ചതുപോലെ കോഴിക്കോട് സൈബർ പാർക്കിൽ ഇനി ഒരു സെന്റ് സ്ഥലമില്ല, തീർന്നു. അവിടെ വളരെ വലിയ ഡിമാന്റുണ്ട്. ഇതുപോലെ ഡിമാന്റുള്ള സ്ഥലത്ത് എടുക്കാൻ വേണ്ടി ജില്ലാ കളക്ടർമാരോടും ബന്ധപ്പെട്ടവരോടും സർവെ നടത്താൻ പറഞ്ഞു, അവിടെ നോട്ടിഫൈ ചെയ്ത് സ്ഥലമെടുക്കാനാണ് ഉദ്ദേശിക്കുന്നത്. അത് വളരെ എമർജൻസി അടിസ്ഥാനത്തിലെടുക്കാൻ വേണ്ടി കോഴിക്കോട് ഒക്കെ സർവെ നടക്കുന്നുണ്ട്.

<u>ശ്രീ. സിറിയക് തോമസ്</u>: സർ, കിൻഫ്രയുടെയും ഇൻകെലിന്റെയും നേതൃത്വത്തിൽ വികസിപ്പിക്കുന്ന വ്യവസായകേന്ദ്രങ്ങളിൽ തദ്ദേശീയരായ ഉദ്യോഗാർഥികൾക്ക് തൊഴിൽ മുൻഗണന നൽകുന്നതിനായി എന്തെങ്കിലും പ്രത്യേക വ്യവസ്ഥകൾ ഇതിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, നമുക്ക് മണ്ണിന്റെ മക്കൾ വാദം സാധിക്കില്ല. അത് ഭരണഘടനാവിരുദ്ധമാകും. പക്ഷേ തദ്ദേശീയർക്കുതന്നെയാണ് ലഭിക്കുന്നത്. സാധ്യതയുള്ള ജോലികളൊക്കെ തദ്ദേശീയർക്കുതന്നെയാണ് ലഭിക്കുന്നത്. വിഴിഞ്ഞത്ത് ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെകൂടെ വിസിറ്റിന് പോയപ്പോൾ ആ വില്ലേജിൽ അവിടെയുള്ള ഒരുപാട് ആളുകൾ ജോലി ചെയ്യുന്നതായി മനസ്സിലാക്കി. അത് സ്വാഭാവികമാണ്, ക്വാളിഫൈഡായ ആളുകളുണ്ടെങ്കിൽ തദ്ദേശീയർക്കായിരിക്കും ഏത് കമ്പനിയായാലും കൂടുതൽ മുൻഗണന നൽകുന്നത്. അത് അവർക്ക് എക്കണോമിക്കൽ ആണ്. അല്ലാതെ മണ്ണിന്റെ മക്കൾ വാദമുയർത്തി തദ്ദേശീയർക്ക് മാത്രമേ ജോലി കൊടുക്കൂ എന്നുപറയാൻ പറ്റില്ലെങ്കിലും അവർക്കാണ് ലഭിക്കുന്നത്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, രാജ്യത്തുതന്നെ ചരിത്രപ്രധാന്യമുള്ള തുറമുഖങ്ങളിലൊന്നാണ് ബേപ്പൂർ എന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ബേപ്പൂർ തുറമുഖത്തോട് ചേർന്നുള്ള കിൻഫ്രയുടെ സ്ഥലത്ത് ഒരു പുതിയ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് അങ്ങ് നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ തുറമുഖത്തോട് തൊട്ടുചേർന്നുള്ള രാമനാട്ടുകര കിൻഫ്ര നോളേജ് പാർക്കിൽ പുതുതായി എന്തെല്ലാം പദ്ധതികളാണ് അങ്ങയുടെ നേതൃത്വത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, രാമനാട്ടുകര പാർക്ക് ആണ് ഇനി കോഴിക്കോടുള്ള ആകെ നമ്മുടെ കൈയിലുള്ള സ്ഥലം. സൈബർ പാർക്ക് ഒക്കെ കഴിഞ്ഞു. രാമനാട്ടുകര പാർക്ക് വളരെ ടോപ്പ് പ്രയോരിറ്റിയിൽ ഗവൺമെന്റ് ഡെവലപ്പ് ചെയ്യുന്നുണ്ട്. അവിടെ ഐ.ടി.-യുടെ വലിയ ഡിമാന്റുണ്ട്. കുറച്ച് ഐ.ടി.-യ്ക്കും കുറച്ച് മറ്റ് വ്യവസായങ്ങൾക്കുമായി റിസർവ് ചെയ്യണോ അതോ മുഴുവൻ ഐ.ടി.-യ്ക്ക് നൽകണോ എന്നത് സംബന്ധിച്ച പല ചർച്ചകളും നടക്കുന്നുണ്ട്. ബേപ്പൂർ പാർക്ക് നേരത്തെയുള്ളതാണ്. അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാൻ വേണ്ടി നോക്കാം.

ശ്രീ. പഴകുളം മധു: സർ, കാർഷിക ഉൽപ്പന്നങ്ങളുടെ വ്യവസായ കയറ്റുമതിക്കും അനുബന്ധ കാര്യങ്ങൾക്കും കിൻഫ്ര പാർക്ക് വലിയ സഹായമാണ് കേരളത്തിൽ ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട സഭാ അധ്യക്ഷൻ തന്നെ അതിന്റെ ആദ്യത്തെ ഗുണഭോക്താവാണ്. അദ്ദേഹം കിൻഫ്ര പാർക്കിലൂടെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ വലിയ മാറ്റത്തിനു തുടക്കംകുറിച്ചതാണ്. മലയോര മേഖലയിൽ കൃഷി ഇപ്പോൾ

വലിയ അനാകർഷകമായ കാര്യമായി മാറിയിരിക്കുന്ന സന്ദർഭത്തിൽ വാല്യൂ ആഡഡ് പ്രോഡക്ട്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും മറ്റും കിൻഫ്രയുടെ കൂടുതൽ പാർക്കുകൾ, എന്റെ നിയോജകമണ്ഡലത്തിലെ റാന്നി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ തുടങ്ങുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തീർച്ചയായും ഉണ്ട്. അഗ്രോ ബേസ്ഡ് ഇൻഡസ്ട്രീസ് മലയോര മേഖലകളിൽ ഡെവലപ്പ് ചെയ്യാനുള്ള വലിയ സാധ്യതയുണ്ട്. എസ്റ്റേറ്റ് ഉടമകളോടുതന്നെ കുറച്ച് സ്ഥലം വെറുതെ നൽകുമോയെന്ന് ചോദിച്ചിരിക്കുകയാണ്. കുറച്ച് സ്ഥലം തന്നാൽ അവർക്കും ഗുണമാണ്, നമുക്കും ഗുണമാണ്. പല നിലയിലും മലയോര മേഖലയിൽ അഗ്രോ ബെസ്ഡ് വാല്യൂ ആഡഡ് പ്രോഡക്ട്സ് (കാർഷിക വിളകളുടെ മൂല്യവർധനവ്) കൂട്ടാനുള്ള ശ്രമം ഗവൺമെന്റ് നടത്തുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, കണ്ണൂർ വിമാനത്താവളത്തിനു സമീപം നാന്നൂറ്റി എഴുപത്തിയഞ്ച് ഏക്കറും പനയത്താംപറമ്പിൽ നാന്നൂറ്റി നാൽപ്പത്തിയേഴ് ഏക്കറും ഏറ്റെടുത്തത്

ശരിയായ ഉദ്ദേശ്യത്തോടെയാണെന്ന് ബഹുമാനപ്പെട്ട വ്യവസായമന്ത്രി മറുപടി പറഞ്ഞത് വളരെ നല്ല കാര്യമാണ്. പല കാര്യങ്ങൾക്കുമുള്ള മറുപടിയായി ഇത് വരുന്നുണ്ട്. അതിനുള്ള നന്ദി അറിയിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സ്ഥലമെടുത്തുകഴിഞ്ഞാൽ അത് നമ്മുടെ സ്വത്തായില്ലേ. പിന്നെ അത് മുന്നോട്ടുകൊണ്ടുപോകുക എന്നുള്ളത് ഞങ്ങളുടെ ഡ്യൂട്ടിയാണല്ലോ, അതാണ് ഞാൻ പറഞ്ഞത്.